JULY 2022
Volume 54
Issue 10

06 ഗുഡ്സ് ആൻഡ് സർവീസസ് ടാക്സ് നെറ്റ്‌വർക്ക്

16 അറേബ്യൻ പഫ്കി സ്നാക്സ് വിപണിയിലെ നവീന രുചി

സംസ്ഥാന വ്യവസായവാണിജ്യ വകുപ്പ് പ്രസിദ്ധീകരണം

# വ്യവസായ കേരളം

VYAVASAYA KERALAM

## ആവേശമുണർത്തി വ്യാപാർ 2022






R-EDGE

R-EDGE


**P Abdul Hakkeem**
Director

+91 8381800800
+91 9946857548
infotoredgesales@gmail.com
www.yourwebsite.com

Rexo Polymers, Mattathukadu. PO, Vattalakki - 678581
Shalvapuram, Attapdi, Palakkad, Kerala, India

Vyavasaya Keralam
വ്യവസായകേരളം
www.keralaindustry.org

ജൂലായ് 2022
July 2022

പുസ്തകം 54
Volume 54

ലക്കം 10
Issue 10

# ഉള്ളടക്കം

06 നവീനവൽക്കരിക്കേണ്ട സംരംഭക വികസന പരിപാടികൾ
ആഷിക്ക്. കെ. പി

12 പേപ്പർ സ്ട്രോ നിർമ്മാണം
ഡോ. ബൈജു നെടുങ്കേരി

16 അറേബ്യൻ പഫ്കി സ്നാക്സ് വിപണിയിലെ നവീന രുചി
ബിനോയ് ജോർജ് പി

20 ആവേശമുണർത്തി വ്യാപാർ 2022
എഴുമാവിൽ രവീന്ദ്രനാഥ്

22 ആധുനിക ചികിത്സയും പുത്തൻ സാങ്കേതിക വിദ്യകളും
ലോറൻസ് മാത്യു

28 ഗുഡ്സ് ആൻഡ് സർവീസസ് ടാക്സ് നെറ്റ്‌വർക്ക്
ഡോ.ശചീന്ദ്രൻ.വി

32 കാതലായ മാറ്റങ്ങളുമായി പി. എം. ഇ. ജി. പി
റ്റി. എസ്. ചന്ദ്രൻ

36 വൈൻ ഉത്പാദനം കാർഷിക – സാമ്പത്തികമേഖലകൾക്ക് നേട്ടമാകും
മനോജ് മാതിരപ്പള്ളി

42 പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കലും വിലയിരുത്തലും
ജി. കൃഷ്ണപിള്ള












# വ്യവസായ കേരളം

**ചീഫ് എഡിറ്റർ**
**ശ്രീ. ഹരികിഷോർ** ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

**എഡിറ്റർ**
ബൈജു ആർ.എസ്.

**കവർ, ഡിസൈൻ & ലേഔട്ട്**
ദീപക് മൗത്താട്ടിൽ

**ടൈപ്പ് സെറ്റിംഗ്**
വി. അഭിലാഷ്

**എഡിറ്റോറിയൽ ഓഫീസ്**
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്
വെള്ളയമ്പലം
തിരുവനന്തപുരം - 695 033

**ഫോൺ: 6238302158**
**ഇമെയിൽ-**
vyavasayakeralam@gmail.com
**വെബ്സൈറ്റ്-**
www.keralaindustry.org
www.industry.kerala.gov.in

**പ്രതിനിധികൾ-**
- **തിരുവനന്തപുരം** : എൻ.സി. അനിൽകുമാർ
- **കൊല്ലം** : റഹുമത്ത് ആർ.
- **പത്തനംതിട്ട**: ജി. ഷാജി
- **ആലപ്പുഴ** : സുരേഷ്ബാബു ആർ.
- **കോട്ടയം** : ലോറൻസ് മാത്യു
- **ഇടുക്കി** : മനു വിശ്വനാഥ്
- **എറണാകുളം** : കെ.പി. അജിത്കുമാർ
- **തൃശൂർ** : റഹുമത്തലി എ.കെ.
- **പാലക്കാട്** : തോമസ് ചാക്കോ
- **മലപ്പുറം** : കാഞ്ചന എം.
- **കോഴിക്കോട്** : കെ. രാധാകൃഷ്ണൻ
- **വയനാട്** : അനിൽകുമാർ
- **കണ്ണൂർ** : മനോജ് പി.കെ.
- **കാസർഗോഡ്** : രാധാകൃഷ്ണൻ നായർ

**അഡ്മിനിസ്ട്രേറ്റീവ് സപ്പോർട്ട്**
ലിപിൻ റോയി എൽ.ഡി.
സിന്ധു എസ്.,
ക്ലാരമ്മ ജെയിംസ്,
അനിത എസ്.,
സംസം എസ്.,
ജെഫേഴ്സൺ സെബാസ്റ്റ്യൻ
ബേബി. വൈ.
രാമകൃഷ്ണൻ എഴുത്തച്ഛൻ



ലേഖകരുടെ അഭിപ്രായങ്ങൾ
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമാണ്.




## മുഖക്കുറിപ്പ്


**ശ്രീ. ഹരികിഷോർ** ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്


# സംരംഭകത്വത്തിനു പുതിയ ദിശാബോധം

ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം സംരംഭങ്ങൾ എന്ന സംസ്ഥാന വ്യവസായ വകുപ്പിന്റെ നവീന പദ്ധതിയ്ക്ക് സംരംഭകർക്കിടയിൽ ആവേശോജ്ജ്വലമായ വരവേല്പാണ് ലഭിച്ചിരിയ്ക്കുന്നത്. തങ്ങളുടെ ആശയങ്ങൾ പ്രവൃത്തിപഥത്തിലെത്തിയ്ക്കാൻ സാങ്കേതിക പരിജ്ഞാനവും പരിശീലനവും സാമ്പത്തിക സഹായവും സാമ്പത്തിക സ്ഥാപനങ്ങളുമായുള്ള ലിങ്കേജും വിവിധ സർക്കാർ വകുപ്പുകളുമായുള്ള ഏകോപനവും ഉൾപ്പെടെ എല്ലാ സൗകര്യങ്ങളും ഒരുക്കാൻ ആദ്യമായി വ്യവസായ വകുപ്പ് മുന്നിട്ടിറങ്ങിയതോടെ അഭ്യസ്തവിദ്യരായ ആശയ സമ്പുഷ്ടരായ പതിനായിരങ്ങൾ മുന്നോട്ടുവന്നത് സന്തോഷമുള്ള ഒരു കാര്യമാണ്. തുടക്കം നന്നെങ്കിൽ എല്ലാം നന്നാകുമെന്ന ചൊല്ലാണ് മനസ്സിലേക്കു കടന്നുവരുന്നത്. പരിസ്ഥിതി സൗഹൃദ, നിക്ഷേപക സൗഹൃദ, സംരംഭ സൗഹൃദ എന്നിങ്ങനെ വിവിധ സൗഹൃദങ്ങൾ ഇഴചേരുന്ന ഒരു അപൂർവ്വ ദൃശ്യചാരുതയാണ് പുതിയ വ്യവസായ പദ്ധതി മനസ്സിലേക്ക് കടത്തിവിടുന്നത്. പൂർണ്ണമായും ഇവ പ്രവർത്തനക്ഷമമാകുമ്പോൾ നമ്മുടെ സംസ്ഥാനത്തിന്റെ മുഖച്ഛായ തന്നെ മാറും.

മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ തൊഴിലില്ലായ്മയ്ക്ക് ഒരു വ്യത്യസ്തതയുണ്ട്. സാക്ഷരതയിലും സാംസ്കാരികതയിലും മുന്നിട്ട് നിൽക്കുന്ന നമ്മുടെ സംസ്ഥാനം വിദ്യാസമ്പന്നരുടെ തൊഴിലില്ലായ്മ എന്ന പ്രശ്നമാണ് നേരിടുന്നത്. ഇതിനെ എജ്യൂക്കേറ്റഡ് അൺ എംപ്ലോയ്മെന്റ് എന്ന് പറയാം. അതായത് അഭ്യസ്ത വിദ്യരുടെ അവസരമില്ലായ്മ, പ്രതിഭാശാലികളായ ഇവർക്ക് സ്വന്തം ആശയം പ്രവൃത്തിപഥത്തിൽ എത്തിക്കുവാൻ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ സുവർണാവസരമാണ് ഇപ്പോൾ കൈവന്നിരിക്കുന്നത്. അധ്വാനിക്കാൻ ശേഷിയും ഉത്സാഹവുമുള്ള മലയാളികളായ യുവതി യുവാക്കൾക്ക് തങ്ങളുടെ ജീവിതം ശോഭനമാക്കി മാറ്റുവാനും സമ്പദ്വ്യവസ്ഥയിലേക്ക് കാര്യമായ സംഭാവന ചെയ്യുവാനും പുതിയ സംരംഭം ഏറെ പ്രയോജനകരമായി തീരുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സ്വന്തം മനുഷ്യവിഭവം അന്യസംസ്ഥാനങ്ങളിലും വിദേശങ്ങളിലും നൽകുന്നതിലൂടെ ഇന്നലെകളിൽ വരെ നമ്മുടെ യുവത്വം അനുവർത്തിച്ചുപോന്ന കീഴ്വഴക്കം ഇനി ഒരു പഴങ്കഥയായി മാറുകയാണ്. സ്വന്തം മണ്ണിൽ സ്വന്തം അധ്വാനത്തിലൂടെ സ്വന്തം വരുമാനം കണ്ടെത്തുവാനും സ്വന്തം പ്രസ്ഥാനം പടുത്തുയർത്തുവാനും കഴിയുന്നതിനോളം വലിയ കാര്യം എന്തുണ്ട്. നമ്മുടെ പ്രതിഭാശാലികളെ നാട് തിരിച്ചറിയട്ടെ. അവരുടെ കഴിവുകൾ നാടിന്റെ വികസനത്തിന് പൂർണമായും ഉപയോഗപ്പെടുത്തട്ടെ. ■

ഒപ്പ്
**ചീഫ് എഡിറ്റർ**



**ശ്രീ. പി. രാജീവ്**
വ്യവസായം, വാണിജ്യം,
നിയമം, കയർ വകുപ്പ് മന്ത്രി

# ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് റാങ്കിംഗ്: മികച്ച നേട്ടം കുറിച്ച് കേരളം

രാജ്യത്തെ വിവിധ സംസ്ഥാനങ്ങളുടേയും കേന്ദ്ര ഭരണപ്രദേശങ്ങളുടേയും നിക്ഷേപ സൗഹൃദ അന്തരീക്ഷം വിലയിരുത്തി കേന്ദ്രസർക്കാർ നടത്തിയ റാങ്കിംഗിൽ 28 ആം സ്ഥാനത്തു നിന്ന് 15 ലേക്ക് കുതിച്ച് മുന്നേറിയിരിക്കുകയാണ് കേരളം. കേന്ദ്ര വ്യവസായ മന്ത്രാലയത്തിനു കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആന്റ് ഇന്റേൺ ട്രേഡ് (ഡി.പി.ഐ.ഐ.ടി) അഖിലേന്ത്യാതലത്തിൽ നടത്തിയ ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് വിലയിരുത്തലിലാണ് കേരളം അസ്പെയറർ വിഭാഗത്തിൽ ഇടം നേടുകയും റാങ്കിംഗിൽ വലിയ പുരോഗതി നേടുകയും ചെയ്തത്. ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാൻ നടപ്പിലാക്കി, സംരംഭകരിൽ നടത്തിയ അഭിപ്രായ സർവ്വേയുടെ വെളിച്ചത്തിൽ ടോപ്പ് അച്ചീവേഴ്സ്, അച്ചീവേഴ്സ്, അസ്പയറർ, എമേർജിങ് ബിസിനസ്സ് എക്കോസിസ്റ്റംസ് എന്നിങ്ങനെ നാലു തരത്തിലാണ് സംസ്ഥാനങ്ങളിലെ ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് നേട്ടങ്ങൾ വിലയിരുത്തപ്പെട്ടത്. 2019-ലെ ഇരുപത്തെട്ടാം സ്ഥാനത്ത് നിന്ന് അഭിപ്രായ സർവ്വേയിൽ 75.49 ശതമാനം സ്കോർ നേടിക്കൊണ്ടാണ് അഭിമാനകരമായ ഈ നേട്ടം കൈവരിച്ചിരിക്കുന്നത്.

വ്യവസായ സംരംഭങ്ങൾക്കുള്ള അനുമതികൾ നൽകുന്നതുമായി ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും കാലാനുസൃതമായ ഭേദഗതികൾ വരുത്തിയതും നയപരമായ തീരുമാനങ്ങൾ എടുത്തു നടപ്പിലാക്കിയതും ഈ കുതിച്ചു ചാട്ടത്തിന് സഹായിച്ചിട്ടുണ്ട്. സുസ്ഥിര വികസനത്തോടെയുള്ള നിക്ഷേപത്തിൽ ഊന്നൽ നൽകുന്ന സമഗ്രമായ സമീപനം ദ്രുതഗതിയിലുള്ള നേട്ടത്തിലേക്ക് കേരളത്തെ നയിക്കുകയാണ്. സമഗ്രവും ശാസ്ത്രീയവുമായി സംരംഭകത്വം പ്രോത്സാഹിപ്പിയ്ക്കുവാൻ നാം നടത്തുന്ന യത്നങ്ങളാണ് ദേശീയതലത്തിൽ ഈ കൊച്ചു സംസ്ഥാനത്തെ ശ്രദ്ധാകേന്ദ്രമാക്കുന്നത് ഇത് കൂടുതൽ ആവേശത്തോടെ മുന്നേറാൻ നമ്മെ പ്രേരിപ്പിയ്ക്കുന്നു. പരിമിതമായ സാഹചര്യങ്ങൾക്കുള്ളിൽ നിന്നുകൊണ്ടാണ് ദേശീയ മൂല്യ നിർണ്ണയത്തിൽ നാം മികച്ച നേട്ടം കൈവരിയ്ക്കുന്നത്. പിണറായി വിജയൻ സർക്കാർ ചുമതലയേറ്റ ശേഷം സ്വീകരിച്ച ബഹുമുഖമായ നടപടികൾ ഈ റാങ്കിംഗിന് സഹായകരമായി. ഇതിലേയ്ക്ക് നമ്മുടെ സംസ്ഥാനത്തെ നയിച്ച ഏവർക്കും കൃതജ്ഞതയുടെ പൂച്ചെണ്ടുകൾ. ■



ആഷിക്ക്. കെ. പി

സംരംഭകത്വ വികസനം മാത്രമാണ് തൊഴിലില്ലായ്മയും അതുണ്ടാക്കുന്ന ദാരിദ്ര്യവും അവികസനവും പരിഹരിക്കാനുള്ള ഏകമാർഗ്ഗം എന്ന് തിരിച്ചറിഞ്ഞ് കൂടുതൽ ആളുകളെ വിവിധ മേഖലകളിൽ സംരംഭകർ ആക്കി മാറ്റാനുള്ള ശ്രമങ്ങൾ ത്വരിതഗതിയിൽ നടത്തുന്ന സംസ്ഥാനമാണ് കേരളം. ഇന്ത്യയിലെ സംരംഭകത്വ വികസന പരിപാടികളിൽ ഇന്ന് മുഖ്യ സ്ഥാനത്താണ് ഈ കൊച്ചു സംസ്ഥാനം എന്ന കാര്യം ആഹ്ലാദകരമാണ്. ലോകം വളരെ വേഗത്തിൽ മാറുമ്പോൾ, തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് കഴിയാതെ വരുമ്പോൾ,

# നവീനവൽക്കരിക്കേണ്ട സംരംഭക വികസന പരിപാടികൾ

## സീറോയിൽ നിന്ന് മേക്കറിലേക്കും അവിടെ നിന്ന് സംരംഭകനിലേക്കും



'സംരംഭകത്വം തന്നെയാണ് തൊഴിൽ ശക്തി അതുതന്നെയാണ് തൊഴിലവസരങ്ങൾ' എന്ന പുതിയ തലത്തിലേക്ക് നഗരങ്ങളും ഗ്രാമങ്ങളും മാറേണ്ടതുണ്ട്. യുവാക്കളിലും യുവതികളിലും ഈയൊരു ചിന്തയ്ക്ക് പ്രാധാന്യം ഉണ്ടാക്കിയാൽ മാത്രമേ നമുക്ക് ഭാവി തലമുറയെ അഭിമുഖീകരിക്കാനും സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കാനും കഴിയൂ. തൊഴിൽ സൃഷ്ടിക്കുക, തൊഴിലില്ലായ്മ പരിഹരിക്കാൻ ഉദ്യോഗസ്ഥരെ വേണ്ടാത്തിടത്ത് നിലനിർത്തുക, തൊഴിൽ ന ൽകാനായി മാത്രം പൊതു മേഖലകളെയും സർവീസ് മേഖലകളിലും വീണ്ടും വീണ്ടും തസ്തികകൾ കൊണ്ടുവരിക എന്നത് നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക കടം വർദ്ധിപ്പിക്കുകയേ ഉള്ളൂ.

സാങ്കേതികത തൊഴിൽ മേഖലയിൽ വെല്ലുവിളി സൃഷ്ടിക്കുമ്പോൾ, അതിനെ മറികടന്ന് സാമ്പത്തിക വികസനം സാധ്യമാക്കാൻ സംരംഭകത്വ വികസന പരിപാടികളിലൂടെ കൂടുതൽ സംരംഭകരെ സൃഷ്ടിച്ചെടുക്കുക എന്ന മാർഗം തന്നെയാണ് ഏറ്റവും ഫലപ്രദമായത്. 'സംരംഭകത്വം തന്നെയാണ് തൊഴിൽ ശക്തി അതുതന്നെയാണ് തൊഴിലവ സരങ്ങൾ' എന്ന പുതിയ തലത്തിലേക്ക് നഗരങ്ങളും ഗ്രാമങ്ങളും മാറേണ്ടതുണ്ട്. യുവാക്കളിലും യുവതികളിലും ഈയൊരു ചിന്തയ്ക്ക് പ്രാധാന്യം ഉണ്ടാക്കിയാൽ മാത്രമേ നമുക്ക് ഭാവി തലമുറയെ അഭിമുഖീകരിക്കാനും സാമ്പത്തിക പ്രശ്നങ്ങൾ പ രിഹരിക്കാനും കഴിയൂ. തൊഴിൽ സൃഷ്ടിക്കുക, തൊഴിലില്ലായ്മ പരിഹരിക്കാൻ ഉദ്യോഗസ്ഥരെ വേണ്ടാത്തിടത്ത് നിലനിർത്തുക, തൊഴിൽ ന ൽകാനായി മാത്രം പൊതു മേഖലകളെയും സർവീസ് മേഖലകളിലും വീണ്ടും വീണ്ടും തസ്തികകൾ കൊണ്ടുവരിക എന്നത് നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക കടം വർദ്ധിപ്പിക്കുകയേ ഉള്ളൂ. പഠിക്കുമ്പോഴും പഠിച്ച് പുറത്തിറങ്ങുമ്പോഴും ഇനി സ്വന്തമായി എന്തെങ്കിലും ചെയ്തു വരുമാനം ഉണ്ടാക്കേണ്ടിവരും എന്ന ചിന്തയും ആത്മധൈര്യവും നമ്മുടെ കുട്ടികളിൽ രൂപപ്പെട്ടു വരണം. ഇതിനുള്ള കൂട്ടായ ശ്രമമാണ് വേണ്ടത്. ഒറ്റപ്പെട്ട ഉദ്യമങ്ങൾ വിജയിക്കാൻ എളുപ്പമല്ല. അതുണ്ടാക്കുന്ന ഫലം വളരെ കുറവായിരിക്കും ഒപ്പം കുറെ സമയവും എടുക്കും. അതുകൊണ്ട് ക്രിയാത്മകമായ സംരംഭകത്വ വികസന പരിപാടികളുടെ ഏകോപന സമീപന മായിരിക്കണം നടപ്പിൽ വരുത്തേണ്ടത്.



## സംരംഭകത്വ വികസന ഏജൻസികളുടെ ഏകോപനം

വിവിധഘട്ടങ്ങളിൽ ഇപ്പോഴുള്ള പ്രവർത്തന ങ്ങളെ തന്നെ ഏകോപിപ്പിച്ചു പ്രവർത്തിക്കുന്ന, ഒന്ന് മറ്റൊന്നിന്റെ തുടർച്ചയായ രീതിയിൽ സംരംഭകത്വ വികസനവും തൊഴിലില്ലായ്മാ നിർമാർജ്ജനവും സാമ്പത്തിക വികസനവും ഒറ്റയടിക്ക് നടപ്പിലാക്കാൻ കഴിയുന്ന തരത്തിൽ എല്ലാ സംരംഭകത്വ വികസന ഏജൻസികളെയും ഏകോപിപ്പിക്കാൻ കഴിയണം.

ഇപ്പോൾ തന്നെ സംരംഭക വികസന പ രിപാടികളിൽ കേരളം വളരെ പണവും ഊർജ്ജവും ചെലവഴിക്കുന്നുണ്ട്. അതിനു ഫലം ഇല്ലെന്നല്ല.



എന്നാൽ കൂടുതൽ വേഗത്തിലും ശാസ്ത്രീയവുമായി ഇത്തരം സംരംഭകത്വ വികസന പരിപാടികളെ എല്ലാം കൂടി കൂട്ടിച്ചേർത്ത് ലക്ഷ്യത്തിലെത്തിക്കാനുള്ള പരിശ്രമമാണ് വേണ്ടത്. സംരംഭത്വ വികസനത്തിന് ഇന്ന് സംസ്ഥാനത്ത് ധാരാളം കർമ്മ പദ്ധതികൾ ഉണ്ട്. അത് നടപ്പിലാക്കുന്ന വ്യത്യസ്ഥ ഏജൻസികളുമുണ്ട്. ഓരോരുത്തരും അവർക്ക് തോന്നുന്ന രീതിയിൽ വ്യത്യസ്ത പ്രവർത്തനങ്ങളും പദ്ധതികളും ചെയ്യുമ്പോൾ സംരംഭക വികസന പ്രവർത്തനങ്ങൾ പൂർണമായ രീതിയിൽ എങ്ങുമെത്താതെ പോകുന്നു. സംരംഭകത്വം എന്ന മാനസിക അവസ്ഥ സൃഷ്ടിച്ചത് കൊണ്ട് മാത്രമായില്ല സംരംഭങ്ങൾ നടപ്പിൽ വരികയും വിജയകരമായി മുന്നോട്ടു പോവുകയും വേണം.

നിലവിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ, സ്റ്റാർട്ടപ്പ് മിഷൻ, ബിസിനസ് ഇൻകുബേഷൻ കേന്ദ്രങ്ങൾ, നൈപുണി കേന്ദ്രങ്ങൾ, പഞ്ചായത്ത് തലത്തിലുള്ള സംരംഭക വികസന കേന്ദ്രങ്ങൾ, പഞ്ചായത്ത് വികസന പരിപാടികൾ എന്നിവയിലൂടെ വിവിധ പരിപാടികൾ നടക്കുന്നുണ്ട്. എന്നാൽ ഇവ തമ്മിലുള്ള പ്രവർത്തന വിടവും ഏകോപന മില്ലായ്മയും വലിയ രീതിയിൽ സംരംഭകത്വ വികസനത്തെയും അതിന്റെ കാര്യക്ഷമമായ പ്രവർത്തനത്തെയും ബാധിക്കുന്നുണ്ട്. ഇവ തമ്മിൽ കൃത്യമായ ഒരു ഏകോപനം ഉണ്ടാവേണ്ടതാണ്. സംരംഭകത്വ വികസനം ഊർജിതപ്പെടുത്താൻ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ ധാരാളം പ്രവർത്തനങ്ങൾ പരിമിതിക്കുള്ളിൽ നിന്ന് ആയാലും വലിയ രീതിയിൽ നടത്തുന്നുണ്ട്. നഗര-ഗ്രാമ വ്യത്യാസമില്ലാതെ അവർ നടത്തുന്ന പരിശീലന പരിപാടികളിൽ അഭ്യസ്തവിദ്യരും വിദ്യാഭ്യാസം നേടിയവരും നിരക്ഷരരുമൊക്കെ പങ്കെടുക്കുന്നുണ്ട്. സംരംഭകത്വ വികസനം ലക്ഷ്യമാക്കിതന്നെയാണ് അവ നടത്താറുള്ളതും. എന്നാൽ പരിശീലനങ്ങൾ നടത്തിയശേഷം അതിൽ പങ്കെടുക്കുന്ന ആളുകൾക്ക് വേണ്ടി മറ്റു സേവനങ്ങൾ/ സഹായങ്ങൾ അതുകഴിഞ്ഞ് അവരെ പിന്തുടരൽ പ്രവർത്തനങ്ങൾ നടത്തൽ, ഒരു മെന്ററെപോലെ പ്രവർത്തിക്കുന്ന

സംവിധാനം എന്നിവയൊന്നും പൂർണമായി നടക്കുന്നില്ല. ഫണ്ട് ലഭിക്കുന്നതിനനുസരിച്ച് പരിപാടികൾ സംഘടിപ്പിക്കുന്നു എന്നു മാത്രം. ഈ രീതി മാറി കൃത്യമായ ലക്ഷ്യത്തോടെ റിസൾട്ട് കേന്ദ്രീകൃത പരിശീലനങ്ങൾ നടപ്പിലാക്കണം. അതിന് സംരംഭകത്വം ആഗ്രഹിക്കുന്ന അല്ലെങ്കിൽ അതിന് തയ്യാറെടുക്കുന്ന ആളുകളുടെ ഡാറ്റ ബാങ്കുകൾ അവരുടെ കയ്യിൽ ഉണ്ടാകണം. സ്കൂൾ-കോളേജ് തലത്തിൽതന്നെ നിലവിലെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മോഡലിൽ അത്തരത്തിലുള്ള റജിസ്ട്രി ഉണ്ടാക്കണം. താലൂക്ക് ജില്ലാ അടിസ്ഥാനത്തിൽ അതിന്റെ രജിസ്ട്രേഷൻ നടക്കേണ്ടതുണ്ട്. സ്കൂൾ കോളേജ് കുട്ടികൾക്ക് കൃത്യമായ ധാരണ ഉണ്ടാക്കി പഠനത്തോടൊപ്പം സംരംഭകത്വ പരിശീലനം നൽകി അതിനുശേഷം ഇവരുടെ പേര് രജിസ്റ്റർ ചെയ്യുന്ന ഒരു സംവിധാനം ഇന്ന് നിലവിലില്ല. താലൂക്ക് ജില്ലാ അടിസ്ഥാനത്തിൽ മേഖലകൾ തിരിച്ച് ഡാറ്റാബാങ്ക് ഉണ്ടാക്കി അതിനനുസരിച്ച് ഉദ്ദേശിക്കുന്ന സംരംഭക മേഖലകൾ മനസ്സിലാക്കി ഡാറ്റാബാങ്കിൽ ഉള്ളവരെ തീവ്രപരിശീലനം നൽകാനും സംരംഭങ്ങൾ തുടങ്ങാനുമുള്ള സഹായങ്ങൾ കാണിച്ചു കൊടുത്ത് അതിന് നേതൃത്വം നൽകിയുള്ള കർമ്മ പരിപാടികളാണ് ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി ചെയ്യേണ്ടത്.

താലൂക്ക് ജില്ലാ അടിസ്ഥാനത്തിൽ മേഖലകൾ തിരിച്ച് ഡാറ്റാബാങ്ക് ഉണ്ടാക്കി അതിനനുസരിച്ച് ഉദ്ദേശിക്കുന്ന സംരംഭക മേഖലകൾ മനസ്സിലാക്കി ഡാറ്റാബാങ്കിൽ ഉള്ളവരെ തീവ്രപരിശീലനം നൽകാനും സംരംഭങ്ങൾ തുടങ്ങാനുമുള്ള സഹായങ്ങൾ കാണിച്ചു കൊടുത്ത് അതിന് നേതൃത്വം നൽകിയുള്ള കർമ്മ പരിപാടികളാണ് ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി ചെയ്യേണ്ടത്.



## തുടക്കം സ്കൂൾ – കോളേജ് സംരംഭക പ്രവർത്തനങ്ങളിൽ നിന്ന്

സ്കൂൾ തലത്തിൽ തന്നെ സംരംഭകത്വ പരിശീലനങ്ങൾ ആരംഭിക്കേണ്ടതാണ്. പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിൽ ആറാം ക്ലാസ് മുതൽ തൊഴിൽ പഠനം എന്നു പറഞ്ഞിട്ടുണ്ട്. ദേശീയ നൈപുണ്യ യോഗ്യത ചട്ടക്കൂടിൽ ഒമ്പതാംക്ലാസിൽ സംരംഭകത്വ വിദ്യാഭ്യാസം തുടങ്ങണമെന്ന് അനുശാസിക്കുന്നുണ്ട്. ഇത് ഇപ്പോഴും പ്രാവർത്തികമായിട്ടില്ല. കേരളത്തിൽ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലേ ഇപ്പോഴും ഒരു വിഷയമായി ഇവ പഠിപ്പിക്കുന്നുള്ളൂ. ഇത് വ്യാപകമാക്കണം. ഒരു വിഷയം എന്നതിലുപരി പ്രായോഗിക തലത്തിൽ സംരംഭക മനോഭാവം ചെറിയ പ്രായത്തിൽ രൂപപ്പെടേണ്ടതുണ്ട്. ഇതിലൂടെയാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം നേടേണ്ടത്. അത് കേവലം ഒരു ജോലി കിട്ടിയത് കൊണ്ട് മാത്രമായില്ല, ജോലി, പരിശീലനം, സ്വയംതൊഴിൽ, സംരംഭകത്വം, എന്ന തരത്തിൽ രൂപപ്പെട്ട് വരണം. അതിനുതകുന്ന പാഠ്യ പദ്ധതികൾ, പരിശീലന സൗകര്യങ്ങൾ എന്നിവ വിദ്യാഭ്യാസത്തിൽ ഉണ്ടാവണം. സ്കൂളുകൾ, കോളേജുകൾ എന്നിവ ഉൽപ്പാദന, വിപണന നൈപുണി കേന്ദ്രങ്ങൾ ആയി മാറണം. സ്കൂളുകളിൽ നിന്നു തന്നെ വരുമാനമാർഗ്ഗം അല്ലെങ്കിൽ സ്വാശ്രയശീലം ഉണ്ടാവണം.

> സ്കൂൾ തലത്തിൽ തന്നെ സംരംഭകത്വ പരിശീലനങ്ങൾ ആരംഭിക്കേണ്ടതാണ്. പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിൽ ആറാം ക്ലാസ് മുതൽ തൊഴിൽ പഠനം എന്നു പറഞ്ഞിട്ടുണ്ട്. ദേശീയ നൈപുണ്യ യോഗ്യത ചട്ടക്കൂടിൽ ഒമ്പതാംക്ലാസിൽ സംരംഭകത്വ വിദ്യാഭ്യാസം തുടങ്ങണമെന്ന് അനുശാസിക്കുന്നുണ്ട്. ഇത് ഇപ്പോഴും പ്രാവർത്തികമായിട്ടില്ല. കേരളത്തിൽ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലേ ഇപ്പോഴും ഒരു വിഷയമായി ഇവ പഠിപ്പിക്കുന്നുള്ളൂ.

നിലവിൽ പത്താം ക്ലാസ്സിന് മുകളിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാത്രമേ ഇ ഡി ക്ലബുകൾ ഉള്ളൂ. അതും ഒരു ക്ലബ്ബ് എന്ന രീതിയിൽ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ അനുവദിക്കുന്ന ഗ്രാൻഡ് ഉപയോഗിച്ചാണ് ഇവിടെ പ്രവർത്തനങ്ങൾ നടക്കുന്നത്. ഓരോ വിദ്യാഭ്യാസ സ്ഥാപനങ്ങളും നൽകുന്ന റിപ്പോർട്ട് അനുസരിച്ച് ചില പരിശീലനങ്ങളോ ക്ലാസ്സുകളോ സംഘടിപ്പിക്കുന്ന ഒരു ക്ലബ്ബു മാത്രമായി മാറുകയാണ് ഇ ഡി ക്ലബ്ബുകൾ .


സംസ്ഥാന തലത്തിൽ അതിന് ഒരു കോർഡിനേറ്ററും അതിന്റെ കീഴിൽ പ്രത്യേക വാർഷിക ആസൂത്രണ പരിപാടികളും പ്രവർത്തനങ്ങളും നടത്തുകയും വിലയിരുത്തപ്പെടുകയും ചെയ്തുകൊണ്ട് സംരംഭകത്വ വിദ്യാഭ്യാസവും പരിശീലനവും ശാസ്ത്രീയമായി മാറ്റേണ്ടതുണ്ട്. സ്കൂൾ കോളേജ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ജില്ലാ കോർഡിനേറ്റർ സംസ്ഥാന കോർഡിനേറ്റർ എന്നിവർ ഉണ്ടാവണം. വിദ്യാഭ്യാസം കഴിഞ്ഞ് പുറത്തിറങ്ങുന്ന 50000 ൽ ഒരാൾ പോലും ഇപ്പോഴും സംരംഭകരായി മാറുന്നില്ല എന്നതാണ് ആധുനിക വിദ്യാഭ്യാസ കണക്കുകൾ വ്യക്തമാക്കുന്നത്. ഈ സ്ഥിതി മാറണം. സംരംഭകത്വത്തിനായിരിക്കണം പ്രഥമപരിഗണന. തൊഴിൽ രണ്ടാമത്തെ പരിഗണന എന്ന രീതിയിൽ അഭ്യസ്തവിദ്യരുടെ മനോഭാവത്തിൽ മാറ്റം വരേണ്ടതാണ്.

## സീറോ– മേക്കർ – ഇന്നോവേറ്റർ – സംരംഭകർ

സീറോ– മെയ്ക്കർ– ഇന്നവേറ്റർ – സംരംഭകർ എന്ന രീതിയിൽ ആയിരിക്കണം സംരംഭക പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടത്. സീറോയിൽ നിന്ന് മേക്കറിലേക്ക് മാറുകയാണ് സ്കൂൾ സംരംഭക പരിപാടിയിലൂടെ നടക്കേണ്ടത്. നാളത്തെ സംരംഭകരെ സൃഷ്ടിച്ചെടുക്കുകയാണ് ഇവിടെ മുഖ്യമായും ചെയ്യേണ്ടത്. ഇന്ത്യയിലും മറ്റു ലോക രാജ്യങ്ങളിലും ഗ്രാമീണ തലത്തിൽ സംരംഭക വികസന വിദ്യാഭ്യാസം നൽകുന്നതിൽ മുഖ്യപങ്കുവഹിച്ച ടാറ്റ സംരംഭക അവാർഡ് നേടിയ കോലാലമ്പൂർ യൂണിവേഴ്സിറ്റി പ്രൊഫസറായ രാഗേഷ് നായരുടെ അഭിപ്രായത്തിൽ മൂന്ന് ഘടകങ്ങളാണ് സീറോയിൽ നിന്ന് മേക്കറിലേക്ക് എത്താൻ ചെയ്യേണ്ടത് .

**1 സ്റ്റെം ലാബുകൾ:**

ഗ്രാമങ്ങളിൽ പൊതു വിദ്യാഭ്യാസ സ്ഥാപന



ങ്ങളുമായി ചേർന്ന് കുട്ടികളിൽ നിർമ്മാണവും കണ്ടുപിടിത്തവും പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ, ചെറിയ ഉപകരണങ്ങൾ, കളിപ്പാട്ടങ്ങൾ, യന്ത്ര സാമഗ്രികൾ തുടങ്ങിയവ നിർമ്മിക്കുവാനുള്ള ക്യാമ്പുകൾ, പരിശീലനങ്ങൾ എന്നിവ വിദ്യാലയങ്ങളിൽ വെച്ച് സംരംഭകത്വ ക്ലബ്ബുകളിലൂടെ നൽകി സ്വന്തമായി എന്തെങ്കിലും ഉണ്ടാക്കുവാനും പ്രവർത്തിപ്പിക്കുവാനും കഴിയുമെന്ന ആത്മവിശ്വാസവും താൽപര്യവും വളർത്തുക എന്നതൊക്കെയാണ് സ്റ്റെം ലാബുകളിലൂടെ ചെയ്യേണ്ടത്.

### 2. മിനി – ലാബുകൾ :

മേക്കർ ഘട്ടത്തിൽ നിന്ന് സ്വീകാര്യവും സാധ്യതയുള്ള കുട്ടികളെയും അവരുടെ പുതുമയാർന്ന ആശയങ്ങളെയും അനുയോജ്യമായ രീതിയിൽ വളർത്തിയെടുത്ത് സംരംഭകത്വ ബാലപാഠം നൽകുന്ന ലാബുകൾ, ആശയ വിപുലീകരണത്തിനുതകുന്ന സെന്ററുകൾ എന്നിവ കലാലയങ്ങളിലോ താലൂക്ക് അടിസ്ഥാനത്തിലോ പ്രവർത്തിക്കുവാൻ സജ്ജമാക്കണം. മെന്റർമാരുടെ സേവനം ഇവിടെ ലഭ്യമാകേണ്ടതാണ്.

### 3. മേക്കർ ലാബുകൾ :

വിദ്യാർഥികൾക്ക് ആശയങ്ങൾ മെച്ചപ്പെടുത്താനുള്ള പദ്ധതി ആവിഷ്കരിക്കുന്ന ലാബുകൾ ആവണം ഇത്. നൂതനമായ ആശയങ്ങൾ തനിച്ചോ കൂട്ടായോ രൂപപ്പെടുത്തുകയും അതിനുള്ള പ്രായോഗിക പരിശീലന സൗകര്യം ഉണ്ടാക്കുകയും വേണം. ഓരോരുത്തരുടെയും നൈപുണികൾ മെച്ചപ്പെടുത്തി വിദ്യാഭ്യാസത്തോടൊപ്പമോ അല്ലെങ്കിൽ നേരിട്ടോ സംരംഭകരായി മാറാനുള്ള സാധ്യത തെളിയുമ്പോഴാണ് വിദ്യാഭ്യാസം ജോലി ലഭിക്കാൻ മാത്രമല്ല സ്വന്തം കഴിവുപയോഗിച്ച് മുന്നേറാനുള്ള മാർഗ്ഗമായി അവരുടെ മുന്നിൽ തെളിയുന്നത്. അതിനുശേഷം കോളേജ് തലത്തിൽ ഇതിന്റെ വികസന ഘട്ടവും ശേഷം ഫൈനൽ ഡാറ്റാ എൻട്രി യിലൂടെ സ്റ്റാർട്ടപ്പ് മിഷൻ, കെ. ഡിസ്ക്, ഡി. ഐ. സികൾ തുടങ്ങിയ ഏജൻസികൾ സംയുക്തമായി മേക്കറിൽ നിന്ന് നവീന ശൈലിയിലുള്ള സംരംഭകരെ സൃഷ്ടിക്കുന്ന, പ്രോത്സാഹിപ്പിക്കുന്ന, സ്ഥാപനം തുടങ്ങുന്നതിന് സഹായങ്ങൾ നൽകുന്ന, അനുബന്ധ സേവനങ്ങളും പ്രോത്സാഹനങ്ങളും നൽകുന്ന തലത്തിലേക്ക് പ്രവർത്തനങ്ങൾ ശാസ്ത്രീയമായി ആവിഷ്കരിക്കണം. ഇന്ന് ഒരുലക്ഷം പേരെ ഉയർത്താനുള്ള സംസ്ഥാന സംരംഭക വികസന പരിപാടികൾ പഞ്ചായത്ത് കേന്ദ്രീകരിച്ചു കൊണ്ട് ആവിഷ്കരിച്ചിട്ടുണ്ട്. ബോധവൽക്കരണവും പരിശീലനങ്ങളും കൊണ്ട് മാത്രം കാര്യമില്ല. ഒരു സംരംഭം തുടങ്ങി അത് വിജയിപ്പിക്കാനുള്ള , അവർക്ക് പിന്തുണ നൽകാനുള്ള സംവിധാനമാണ് വേണ്ടത്. അതുകൊണ്ടുതന്നെ സംരംഭകത്വ പരിപാടികളുടെ ഏകോപിച്ചുള്ള പ്രവർത്തനങ്ങൾ അത്യന്താപേക്ഷിതമാണ്. സംരംഭകത്വ വികസന പരിപാടികൾ ഒരു വികാര പ്രകടനമല്ല, അത് ശാസ്ത്രീയമായും ഘട്ടംഘട്ടമായും യോജിച്ച് ചെയ്യേണ്ടതാണ്. അപ്പോഴാണ് സംരംഭകരെക്കൊണ്ട് സമൃദ്ധമാകുന്ന സംസ്ഥാനമായി നാം മാറുക. 'സംരംഭകൻ ജനിക്കുന്നതല്ല, സൃഷ്ടിക്കപ്പെടുന്നതാണ്'. ■

12



ഡോ. ബൈജു നെടുങ്കേരി



# പേപ്പർ സ്ട്രോ നിർമ്മാണം

കേരളത്തിൽ സംരംഭകത്വ വർഷാചരണം വഴി ക്രിയാത്മകമായി സംരംഭകത്വത്തെ സമീപിക്കുന്നതിനും സംരംഭക സൗഹൃദ ആവാസ വ്യവസ്ഥ കെട്ടിപെടുക്കുന്നതിനുള്ള തീവ്രയത്ന പരിപാടികളാണ് ഒരു വർഷം കൊണ്ട് നടപ്പിലാക്കുന്നത്. കേരളത്തിൽ ധാരാളം വിപണിയുള്ളതും അന്യ സംസ്ഥാനങ്ങളിൽ നിന്ന് ഉല്പാദിപ്പിച്ച് കേരളത്തിൽ വിൽക്കപ്പെടുന്നതുമായ ഉൽപന്നങ്ങൾ നിർമ്മിക്കുന്ന സംരംഭങ്ങളാണ് കൂടുതൽ പ്രസക്തമാകുന്നത്. നാനോ– ഗാർഹിക സംരഭങ്ങളായി വീടുകളിൽ തന്നെ കുടുംബാംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്തി ആരംഭിക്കാൻ കഴിയുന്ന സംരംഭങ്ങളും, കുറഞ്ഞ മുതൽമുടക്കിൽ പ്രാദേശികമായി കുറച്ചു ആളുകൾക്ക് തൊഴിൽലഭ്യത ഉറപ്പാക്കുന്ന സംരംഭങ്ങളും കേരളത്തിലെ സംരംഭകത്വത്തിന്റെ വിജയ മാതൃകകൾ ആണ്. ലൈസൻസിംഗ് നടപടിക്രമങ്ങൾക്ക് ഏകജാലകം ഏർപ്പെടുത്തിയതോടുകൂടി തുടക്കകാലത്ത് സംരംഭകർ നേരിട്ടിരുന്ന പ്രധാന പ്രതിസന്ധിക്ക് പരിഹാരമായി. സംരംഭക വർഷത്തിൽ വായ്പാ വിതരണത്തിൽ ബാങ്കുകളുടെ സമീപനവും കൂടുതൽ ഉദാരമാകും. മഹാമാരിക്ക് ശേഷം വിപണിയിൽ പ്രതിഫലിക്കുന്ന ഉണർവും

ഉപയോഗിച്ച് വലിച്ചെറിയുന്ന പ്ലാസ്റ്റിക്കുകൾ കർശനമായി നിയന്ത്രിക്കാൻ ഗവൺമെന്റ് തീരുമാനിച്ചതിന്റെ വെളിച്ചത്തിൽ നിരോധിക്കപ്പെട്ട ഉൽപ്പന്നമാണ് പ്ലാസ്റ്റിക് സ്ട്രോ. ഇതിന് പകരമായാണ് പേപ്പറിൽ നിർമ്മിക്കുന്ന സ്ട്രോ വിപണിയിലെത്തുന്നത്. പുനരുപയോഗ സാധ്യതയില്ലെങ്കിലും പ്രകൃതിക്ക് ഹാനികരമാകാതെ മണ്ണിൽ അലിഞ്ഞ് ചേരുന്നു എന്നതിനാൽ വിപണി സാധ്യത ഏറിവരികയാണ്.

സംരംഭകരെ സഹായിക്കും. ചുരുക്കത്തിൽ സംരംഭങ്ങളിലൂടെ തൊഴിലും വരുമാനവും ഉറപ്പാക്കുന്ന നൂതനവും സുസ്ഥിരവുമായ മാതൃക സൃഷ്ടിക്കാൻ ഈ സംരംഭകത്വവർഷത്തിലെ കൂട്ടായ ശ്രമങ്ങൾക്ക് കഴിയും.

## പേപ്പർ സ്ട്രോ നിർമ്മാണം

ഉപയോഗിച്ച് വലിച്ചെറിയുന്ന പ്ലാസ്റ്റിക്കുകൾ കർശനമായി നിയന്ത്രിക്കാൻ ഗവൺമെന്റ് തീരുമാനിച്ചതിന്റെ വെളിച്ചത്തിൽ നിരോധിക്കപ്പെട്ട ഉൽപന്നമാണ് പ്ലാസ്റ്റിക് സ്ട്രോ. ഇതിന് പകരമായാണ് പേപ്പറിൽ നിർമ്മിക്കുന്ന സ്ട്രോ വിപണിയിലെത്തുന്നത്. പുനരുപയോഗ സാധ്യതയില്ലെങ്കിലും പ്രകൃതിക്ക് ഹാനികരമാകാതെ മണ്ണിൽ അലിഞ്ഞ് ചേരുന്നു എന്നതിനാൽ വിപണി സാധ്യത ഏറിവരികയാണ്. പേപ്പറും ഭക്ഷ്യയോഗ്യമായ പശയുമാണ് അസംസ്കൃത വസ്തുക്കൾ ഇവ വൻതോതിൽ ലഭ്യമാണ്. മനുഷ്യാധ്വാനം കുറച്ച് ഓട്ടോമാറ്റിക് യന്ത്രത്തിൽ നിർമ്മാണം പൂർത്തീകരിക്കുന്നതിനാൽ ഉല്പാദന ചെലവ് തുലോം കുറവാണ്. ബ്രാന്റിംഗിനും മാർക്കറ്റിംഗിനുമായി തുക ചിലവഴിക്കേണ്ടതില്ല, ബ്രാന്റുകൾക്ക് പ്രസക്തിയുമില്ല. ഭാവിയുടെ സാധ്യതകൾ കണ്ടറിഞ്ഞ് ആരംഭിക്കാൻ കഴിയുന്ന സംരംഭങ്ങളിൽപെട്ട ഒന്നാണ് പേപ്പർ സ്ട്രോ നിർമ്മാണം.



## മാർക്കറ്റിംഗ്

പേപ്പർ സ്ട്രോ100 എണ്ണം വീതമുള്ള പായ്കറ്റുകളിലാക്കി തുടർന്ന് 50 പായ്ക്കറ്റുകളിലാക്കി തുടർന്ന് 50 പായ്ക്കറ്റുകൾ വീതമുള്ള കാർട്ടൻ ബോക്സുകളിൽ നിറച്ച് വിതരണക്കാർക്ക് എത്തിച്ച് നൽകുന്നതാണ് പ്രധാന മാർക്കറ്റിംഗ് രീതി. ജ്യൂസ്, ശീതളപാനീയ ഉല്പാദകർക്ക് നേരിട്ടും നല്കാം. സോഷ്യൽ മീഡിയ മാർക്കറ്റിംഗ് വഴിയും, മറ്റ് പരസ്യമാർഗ്ഗങ്ങൾ വഴിയും വിതരണക്കാരെ കണ്ടെത്താം.

## നിർമ്മാണ രീതി

120,70 ജി.എസ്സ്.എം കളിലുള്ള പേപ്പറുകളും ഭക്ഷ്യയോഗ്യമായ പശയുമാണ് നിർമ്മാണത്തിന് ഉപയോഗിക്കുന്നത്. പേപ്പർ റോളുകൾ മെഷീനിൽ ലോഡ് ചെയ്തതിന് ശേഷം പേപ്പർ സ്ട്രോയ്ക്ക് ആവശ്യമായ നീളവും യന്ത്രത്തിൽ തന്നെ ക്രമീകരിക്കാം. യന്ത്രത്തിൽ ആവശ്യത്തിന് പശയും നിറയ്ക്കണം. തുടർന്ന് 5mm മുതൽ 12mm വരെ വ്യാസത്തിലുള്ള പേപ്പർ സ്ട്രോകൾ യന്ത്രംതന്നെ നിർമ്മിക്കും. 13 സെന്റീമീറ്റർ മുതൽ 20 സെന്റീമീറ്റർവരെയുള്ള നീളത്തിലാണ് പേപ്പർ ട്യൂബുകളിൽ നിന്ന് സ്ട്രോ കട്ട്ചെയുന്നത്. പി. എൽ.സി കൺട്രോൾ മെഷീനിൽ ഒരു സമയം 5 നമ്പർ വീതം കട്ട് ചെയ്യാൻ സാധിക്കും. 0.3 mm മുതൽ 1 mm വരെയാണ് സ്ട്രോയുടെ പുറം കനമുണ്ടാവുക.ആവശ്യാനുസരണം ഡൈ മാറ്റി സ്ഥാപിക്കാം ഡൈയുടെ വ്യാസത്തിനനുസരിച്ച് സ്ട്രോയുടെ വലുപ്പത്തിലും വ്യത്യാസം ഉണ്ടാകും. തുടർന്ന് പശ ഉണങ്ങി സ്ട്രോ ബലവത്താക്കിയതിനു ശേഷം 100 എണ്ണം വീതം പായ്ക്കറ്റുകളിലാക്കി മാറ്റാം. വിവിധ അളവുകളിലുള്ള കാർട്ടൻ ബോക്സുകളിൽ നിറച്ച് വിപണനത്തിന് എത്തിക്കാം. സാധാരണ ശീതളപാനീയങ്ങൾക്ക് ചെറിയ സ്ട്രോകളും ജ്യൂസ്, ഷേക്ക് പോലുള്ളവയ്ക്ക് വലുപ്പം കൂടിയവയുമാണ് ഉപയോഗിക്കുന്നത് .



## മൂലധന നിക്ഷേപം

| | | |
|---|---|---|
| പേപ്പർ സ്ട്രോ നിർമ്മാണ യന്ത്രം | - | 14,50,000 /- |
| കംപ്രസർ 5 HP | - | 85 ,000 /- |
| അനുബന്ധ സൗകര്യങ്ങൾ | - | 50,000/- |
| ആകെ | - | 15,85,000 /- |
| പ്രവർത്തന മൂലധനം | - | 3,00,000 /- |
| ആകെ | - | 18,85,000 /- |

## പ്രവർത്തന വരവ് ചിലവ് കണക്ക്

(പ്രതിദിനം 50,000 പേപ്പർ നിർമ്മിക്കുന്നതിന്റെ ചിലവ് )

| | | |
|---|---|---|
| പേപ്പർ 62.5KG *125.00 | = | 7812.50/- |
| ഭക്ഷ്യയോഗ്യമായ പശ 6.25 *125.00 | = | 781.25 /- |
| പായ്ക്കിങ് സാമഗ്രികൾ | = | 1200.00/- |
| ഇലട്രിസിറ്റി ചിലവുകൾ | = | 250.00 /- |
| വേതനം | = | 1500.00/- |
| മറ്റിതര ചിലവുകൾ | = | 500.00 / |
| ആകെ | = | 12043.50/- |

(പ്രതിദിനം 50,000 പേപ്പർ സ്ട്രോവിറ്റഴിക്കുമ്പോൾ ലഭിക്കുന്നത് )

| | | |
|---|---|---|
| ഒരു സ്ട്രോയുടെ വില | = | 0 .40ps |
| 50,000 *0 .40 | = | 20,000/- |
| ലാഭം | | |
| വരവ് | - | 20000 |
| ചിലവ് | - | 12043 |
| ലാഭം | | 7957.00 |

## യന്ത്രങ്ങൾ : പരിശീലനം



പേപ്പർ സ്ട്രോ നിർമ്മാണത്തിനുള്ള ഓട്ടോമാറ്റിക് യന്ത്രങ്ങളും പരിശീലനവും പിറവം അഗ്രോപാർക്കിൽ ലഭിക്കും.
0485 -2999990

## ലൈസൻസ് & സബ്സിഡി

ഉദ്യം രജിസ്ട്രേഷൻ, ചരക്ക് സേവന നികുതി രജിസ്ട്രേഷൻ, കെ.സ്വിഫ്റ്റ് തുടങ്ങിയ ലൈസൻസുകൾ നേടി വ്യവസായം ആരംഭിക്കാം. നിക്ഷേപത്തിന് അനുപാതികമായി വ്യവസായ വകുപ്പിൽനിന്ന് സബ്സിഡിയും ലഭിക്കും. ■








ബിനോയ് ജോർജ് പി

# അറേബ്യൻ പഫ്കി
## സ്നാക്ക്സ് വിപണിയിലെ നവീന രുചി

'അറേബ്യൻ പഫ്കി' എന്ന പുതുതലമുറ സ്നാക്ക്സ് ഉത്പാദകർ ലക്ഷ്യം വെയ്ക്കുന്നത് പ്രധാനമായും കുട്ടികളെയാണ്. അവരുടെ അഭിരുചികളെ തൃപ്തിപ്പെടുത്തുന്ന ഒരു ഉത്പന്നമാണ് കൊടുങ്ങല്ലൂർ മാടവനയിൽ നിന്നും കേരളത്തിലെ വിപണിയിലെത്തുന്നത്. ഒരു പാർട്നർഷിപ്പ് സംരംഭമായ 'അറേബ്യൻ പഫ്കി' വനിത സംരംഭമായാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഹസ്സൻ കബീർ ഉൾപ്പടെ മൂന്നുപേരാണ് വ്യവസായത്തിനു പുറകിലുള്ളത്. 1 കോടി 20 ലക്ഷം രൂപ ചെലവഴിച്ചാണ് സ്നാക്ക്സ് നിർമ്മാണ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചത്. 2018 അവസാനം തുടക്കമിട്ടെങ്കിലും പ്രളയവും കോവിഡുമെല്ലാം ഇവരെയും പ്രതിസന്ധിയിലാക്കി. സംസ്ഥാനത്തു തന്നെ ഇത്തരത്തിലുള്ള സ്നാകസ് ഉത്പാദന യൂണിറ്റ് വിരളമാണ്. കേരള വ്യവസായ വകുപ്പിന്റെ പൂർണ പിന്തുണയും സാമ്പത്തിക




സഹായവും സംരഭത്തിന് ലഭിച്ചിട്ടുണ്ട്.

കുട്ടികളെ ലക്ഷ്യമാക്കി വിപണി കീഴടക്കാൻ ഇറങ്ങിയ അറേബ്യൻ പഫ്കി വിവിധ രുചികളിലാണ് കുട്ടികളെ ആകർഷിക്കുന്നത്. സ്നാക്സ് വിഭാഗത്തിൽ ഉൾപ്പെടുത്തി ചെറിയ പാക്കറ്റുകളിൽ ആയി വിപണിയിലെത്തുന്ന ഇതിന്റെ യഥാർത്ഥ ഉറവിടം അറേബ്യ പോലുള്ള വിദേശ രാജ്യങ്ങൾ തന്നെയാണ്. അറേബ്യൻ പഫ്കി എന്ന ബ്രാൻഡിൽ കേരളത്തിലെ കടകളിൽ ലഭിക്കുന്ന ഈ ഉത്പന്നത്തിന്റെ പ്രധാന ചേരുവ കോൺഫ്ളവർ ആണ്. പക്ഷേ സാധാരണയായി കടകളിൽ നിന്നും വാങ്ങി ഉപയോഗിക്കുന്ന തരത്തിലുള്ളതല്ലെന്നു മാത്രം. കോൺഫ്ളവറിൽ നിന്നും തിരിച്ചെടുക്കുന്ന മെയ്സ് ആണ് ഈ സ്നാക്സ് ഉത്പാദിപ്പിക്കാനുള്ള പ്രധാന അസംസ്കൃത വസ്തു. ഇത് മുംബൈ, ഹൈദരബാദ് എന്നിവിടങ്ങളിൽ നിന്നും മുൻകൂട്ടി ഓർഡർ നൽകിയാണ് എത്തിക്കുന്നത്. കോൺഫ്ളവർ പൊടി മിശ്രിതമാക്കി ഫുഡ് എക ്സ്ട്രൊഡറിലിട്ട് ഹൈ പ്രഷറിൽ പുറത്തേക്ക് എത്തിക്കുകയാണ് നിർമ്മാണ രീതി. ഓരോന്നിനും ആകൃതിയിൽ മാറ്റം വരുത്താം. 12 വ്യത്യസ്ത ആകൃതികളിൽ സ്നാക്സ് ഉത്പാദിപ്പിക്കാം. വ്യത്യസ്തമായ അച്ചുകളാണ് ഇതിനായി ഉപ യോഗിക്കുന്നത്. കുട്ടികളെ ഏറെ ആകർഷിക്കുന്ന





ചീസ് ബോൾ, ചീസ് റിംഗ്, കോൺകേൾസ് എന്നീ മൂന്നു ആകൃതികളിൽ ആണ് അറേബ്യൻ പഫ്കി ഇപ്പോൾ ഉത്പാദിപ്പിക്കുന്നത്. വിപണിയിലെ സാധ്യതകളെ വിലയിരുത്തി തന്നെയാണ് ഫ്ളേവറുകളും തെരഞ്ഞെടുത്തിട്ടുള്ളത്. ചില പ്രദേശങ്ങൾക്കനുസരിച്ച് ഇതിലും വ്യത്യാസങ്ങൾ ഉണ്ടാകും. പ്രധാനമായും ചീസ്, ടൊമാറ്റോ ഫ്ളേവറുകളിലാണ് ഉത്പന്നം വിപണിയിലെത്തുന്നത്.

മികച്ച രീതിയിൽ ഉത്പാദനം നടത്തുന്ന 'അറേബ്യൻ പഫ്കി' ഗുണനിലവാരത്തിൽ ശ്രദ്ധചെലുത്തുന്നതിനാൽ അതിനു ചേർന്നയന്ത്ര സംവിധാനങ്ങളും ഉത്പാദന രീതിയുമാണ് അവലംബിക്കുന്നത്. വിപണിയിൽ കാര്യമായ മത്സരം നേരിടേണ്ടി വരുന്നില്ലെങ്കിലും കഴിഞ്ഞ വർഷങ്ങളിലെ സാഹചര്യങ്ങൾ യഥാർത്ഥ രീതിയിലുള്ള വ്യവസായ വളർച്ചക്ക് അനുകൂലമായില്ല. ലോക്ക് ഡൗൺ കാലയളവിലെ അടച്ചുപൂട്ടലും അതിനോടനുബന്ധിച്ച് യന്ത്രങ്ങൾക്കുൾപ്പടെ സംഭവിച്ച കേടുപാടുകളുമെല്ലാം പരിഹരിച്ച് ഉണർന്നെഴുനേൽപ്പിനുള്ള ശ്രമത്തിലാണ് സംരംഭം. കോയമ്പത്തൂരിലെ യന്ത്രങ്ങൾക്കു പകരം കൂടുതൽ ഉത്പാദനക്ഷമതയും സൂക്ഷ്മവുമായ

മികച്ച രീതിയിൽ ഉത്പാദനം നടത്തുന്ന 'അറേബ്യൻ പഫ്കി' ഗുണനിലവാരത്തിൽ ശ്രദ്ധചെലുത്തുന്നതിനാൽ അതിനു ചേർന്നയന്ത്ര സംവിധാനങ്ങളും ഉത്പാദന രീതിയുമാണ് അവലംബിക്കുന്നത്.

യന്ത്രങ്ങൾ ചൈനയിൽ നിന്നും വരുത്തിയാണ് ഇവിടെ ഉപയോഗിക്കുന്നത്. ഒരു മണിക്കൂറിനുള്ളിൽ 100 കിലോ തയ്യാറാക്കാൻ കഴിയുന്ന യന്ത്രത്തിന് ഒരു ദിവസം 600 കിലോഗ്രാമിലേറെ സ്നാക്സ് ഉത്പാദിപ്പിക്കാൻ സാധിക്കും. മികച്ച വിപണിയുള്ള മാസങ്ങളിൽ 5 ടൺവരെ ഉത്പാദിപ്പിച്ചിട്ടുണ്ടെന്ന് പറയുന്നു.



പല പ്രതിസന്ധികൾ മൂലം താഴേക്ക് പോയ വിപണനത്തിന്റെ ഗ്രാഫ് ഉയർത്തിക്കൊണ്ടു വരുവാനുള്ള കഠിനശ്രമത്തിലാണിവർ. എന്നാൽ കഴിഞ്ഞ വർഷങ്ങളിൽ അസംസ്കൃത വസ്തുക്കളായ പാംഓയിലിനും ഡീസലിനുമുണ്ടായ വലിയ വിലക്കയറ്റം പ്രതിസന്ധിയായി. അറേബ്യൻ പഫ്കിയുടെ ഫ്രെയാംസ്, ചോംപി, എന്നി നാല് വിഭവങ്ങളുടെ ഉത്പാദനം അവസാനിപ്പിക്കാൻ ഇവർ നിർബന്ധിതരായി. 15 ലിറ്ററിന്റെ ഒരു ഡ്രം പാംഓയിലിന് 1050 രൂപയിൽ നിന്നും 2,250 രൂപയായി ഉയർന്നു, ഡീസലിന്റെ വിലയും ക്രമാതീതമായി വർദ്ധിച്ചു. ഈ വർദ്ധനകൾ വ്യവസായത്തിന് തിരിച്ചടിയായി.

കേരളത്തിൽ എല്ലായിടത്തും അറേബ്യൻ പഫ്കിയുടെ സാന്നിധ്യമുണ്ട്. ഡിസ്ട്രിബ്യൂട്ടേഴ്സ് വഴിയാണ് ഇവ വിപണികളിലെത്തിക്കുന്നത്. 25ഗ്രാമിന്റെയും 30 ഗ്രാമിന്റെയും പായ്ക്കറ്റുകളിൽ ലഭിക്കുന്ന ചീസ് ബോൾ, ചീസ് റിംഗ്, കോൺകേൾസ് എന്നിവക്ക് അഞ്ചു, പത്തു രൂപ വിലകളിൽ ആണ് നൽകുന്നത്. അന്യ സംസ്ഥാനങ്ങളിൽ നിന്നും സമാനമായ ഉത്പന്നങ്ങൾ വിപണിയിലുണ്ടെങ്കിലും ഗുണമേന്മയുടെ കാര്യത്തിൽ അറേബ്യൻ പഫ്കി വേറിട്ടു നിൽക്കുന്നുവെന്നാണ് ഉടമകളുടെ പക്ഷം. യൂണിറ്റിലെ 7 ജീവനക്കാരിൽ കൂടുതലും സ്ത്രീകളാണ്. ഇതിനു പുറമെ കൊടുങ്ങല്ലൂരിലെയും കോഴിക്കോട്ടെയും ഓഫീസുകളിലും ജീവനക്കാരുണ്ട്. യന്ത്രങ്ങളിൽ പാക്ക് ചെയ്തു വരുന്ന ചെറു പായ്ക്കറ്റുകൾ വലിയ പായ്ക്കുകളിൽ നിറയ്ക്കുന്നതും കോൺഫ്ളവർ മിക്സ് ചെയ്ത് യന്ത്രങ്ങളിൽ നിക്ഷേപിക്കുന്നതും ഉൾപ്പെടെ യന്ത്രങ്ങൾ കഴുകി വൃത്തിയാക്കുന്നതുവരെയുള്ള ജോലികളാണ് ഇവർ ചെയ്യുന്നത്. 80 ലക്ഷത്തോളം രൂപ ചെലവഴിച്ചാണ് ചൈനയിൽനിന്നും യന്ത്രങ്ങൾ എത്തിച്ചിരിക്കുന്നത്. വിപണി സജീവമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പുതിയ ഉത് പന്നങ്ങൾ വിപണിയിലെത്തിക്കാനുള്ള ശ്രമത്തിലാണ് അറേബ്യൻ പഫ്കിയുടെ സംരംഭകർ.

ചെറിയ ചോളത്തിൽ നിന്നും വേർതിരിച്ചെടുക്കുന്ന കോൺഫ്ളവർ പൊടിയാണ് മെയ്സായി രൂപാന്തരപ്പെടുത്തി സ്നാക്സ് ഉത്പാദനത്തിന് ഉപയോഗിക്കുന്നത്. ഇതിനൊപ്പം ഇഷ്ടപ്പെട്ട ഫ്ളേവറുകൾ ചേർത്താണ് അറേബ്യൻ പഫ്കിയുടെ ഉത്പാദനം. ജില്ല വ്യവസായ കേന്ദ്രത്തിന്റെ ഇരിങ്ങാലക്കുട മേഖലയിലെ ഉദ്യോഗസ്ഥരുടെ സഹകരണവും 30 ലക്ഷത്തിന്റെ സഹായവുമെല്ലാം സംരംഭത്തിന്റെ മുന്നോട്ടുള്ള യാത്രക്ക് ഗുണകരമായെന്ന് ഉടമകൾ പറഞ്ഞു. ■






എഴുമാവിൽ രവീന്ദ്രനാഥ്

# ആവേശമുണർത്തി വ്യാപാർ 2022

നവകേരളത്തിന്റെ സുസ്ഥിരഭാവി വ്യവസായ വൽക്കരണത്തിൽ അധിഷ്ഠിതമാണെന്നും വരുന്ന ഏതാനും വർഷങ്ങൾ കൊണ്ട് സംരംഭകരുടെ പറുദീസയാക്കി നമ്മുടെ സംസ്ഥാനത്തെ മാറ്റുവാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും അതിലേയ്ക്കുള്ള വർണ്ണശബളവും ആവേശഭരിതവുമായ കാൽവെയ്പാണ് വ്യാപാർ 2022 എന്ന പേരിൽ സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് സംഘടിപ്പിച്ചിരിയ്ക്കുന്ന ബി ടു ബി മീറ്റ് എന്ന മഹാമേളയെന്നും വ്യവസായ വകുപ്പുമന്ത്രി പി. രാജീവ് പ്രസ്താവിച്ചു. കൊച്ചി ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര മൈതാനിയിൽ നടന്ന ത്രിദിന വ്യാവസായിക പ്രദർശനവും സംരംഭക സംഗമവും ഉദ്ഘാടനം ചെയ്തു സംസാരിയ്ക്കുകയായിരുന്നു അദ്ദേഹം. വ്യത്യസ്തവും ക്രിയാത്മകവുമായ ആശയങ്ങളുള്ള സംരംഭകരെ കേരളമെന്ന കൊച്ചു സംസ്ഥാനം ഇരുകൈകളും നീട്ടി സ്വാഗതം ചെയ്യുകയാണ്. അവർക്ക് സാങ്കേതികമായും ഭരണപരവും നിയമപരവുമായ സഹായങ്ങൾ നൽകാനും സാമ്പത്തിക സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തുവാനും ഗ്രാന്റുകളും സബ്സിഡികളും യഥാവിധി നൽകുവാനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. യുവതലമുറയ്ക്ക് പ്രാമുഖ്യം നൽകുന്ന, സ്ത്രീ സംരംഭകർക്കും പട്ടികജാതി, പട്ടികവർഗ്ഗ സംരംഭകർക്കും ഏറെ പരിഗണന നൽകുന്ന വ്യവസായനയമാണു സർക്കാറിന്റേതെന്ന് മന്ത്രി ഓർമ്മിപ്പിച്ചു.

ചരിത്രം തിരുത്തിക്കുറിച്ച ഒരു വ്യവസായ മേളയായിരുന്നു വ്യാപാർ 2022. കോവിഡ് 19 തകർത്തെറിഞ്ഞ സമ്പദ്‌വ്യവസ്ഥയിൽ നിന്നും കരകയറിയ സംരംഭകരുടെ സംഗമഭൂമിയായി വ്യാപാർ നഗർ മാറി. ആവേശം അണപൊട്ടിയൊഴുകിയ പ്രദർശന നഗരിയിൽ പ്രകൃതിക്ഷോഭങ്ങൾക്കോ മഹാമാരികൾക്കോ തങ്ങളുടെ ആത്മവിശ്വാസത്തെ തകർക്കാനാവില്ലെന്ന് സംരംഭകർ തെളിയിച്ചു.

നാനാത്വത്തിൽ ഏകത്വം വിളംബരം ചെയ്യുന്ന 331 സ്റ്റാളുകളാണ് വ്യവസായികളെയും, വ്യാപാരികളെയും, വിപണന വിദഗ്ദ്ധരെയും പൊതുജനങ്ങളേയും ആകർഷിച്ചുകൊണ്ട് അണിനിരന്നത്.

ബ്രാന്റ് ചെയ്യപ്പെട്ടതും, ചെയ്യപ്പെടേണ്ടതുമായ നിരവധി എം. എസ്. എം. ഇ ഉൽപന്നങ്ങളാണ് 324 സെല്ലർമാർ മേളയിൽ അവതരിപ്പിച്ചത്. ഭക്ഷ്യസംസ്കരണം (ഭക്ഷ്യോൽപന്നങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ), കൈത്തറി തുണിത്തരങ്ങൾ (ഫാഷൻ ഡിസൈനുകൾ, ഫർണിഷിങ്ങുകൾ) മറ്റു വസ്ത്രങ്ങൾ, വൈവിധ്യമാർന്ന പ്രകൃതിദത്ത റബ്ബർ ഉൽപന്നങ്ങൾ, ആകർഷണീയമായ കയറുൽപന്നങ്ങൾ, ആയുർവേദം (സൗന്ദര്യ സംവ്വർദ്ധകങ്ങൾ, ന്യൂട്രാസ്യൂട്ടിക്കൽസ്, പ്രകൃതിദത്ത ചേരുവകൾ) വ്യത്യസ്തമായ മുളയുൽപന്നങ്ങൾ, തനതു കരകൗശല വസ്തുക്കൾ, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് ഉൽപന്നങ്ങൾ എന്നിവ നമ്മുടെ സംരംഭകത്വത്തിന്റെ ശക്തിയും ചൈതന്യവും വെളിവാക്കുന്നതായിരുന്നു.




ഇതൊരു ബി ടു ബി മീറ്റ് ആയിരുന്നതിനാൽ സംരംഭകർക്കും വ്യവസായ വാണിജ്യ സ്ഥാപനങ്ങളുടെ പ്രതിനിധികൾക്കുമായിട്ടായിരുന്നു ആദ്യദിനങ്ങൾ നീക്കിവെച്ചത്. 30 ബയേഴ്സാണ് മേളയിൽ സജീവമായി പങ്കെടുത്തത്. 2417 കൂടിക്കാഴ്ചകളാണ് ഇവർക്കിടയിൽ നടന്നത്. ഇരുകൂട്ടർക്കും വേണ്ട എല്ലാ സഹായ സഹകരണങ്ങളുമായി വ്യവസായ വകുപ്പ് ഉദ്യോഗസ്ഥർ പ്രദർശന നഗരിയിലുണ്ടായിരുന്നു. നേരത്തെ തന്നെ വേണ്ടത്ര പ്രചരണ പരിപാടികളുമായി വ്യവസായ വകുപ്പ് രംഗത്തെത്തിയിരുന്നതിനാലാണ് പ്രമുഖ വാണിജ്യ സ്ഥാപനങ്ങളും സംഘടനകളും തങ്ങളുടെ ഡെലിഗേറ്റുകളെ മേളയിലേയ്ക്കയച്ചത്.

പരമ്പരാഗത മേഖലകൾക്കും (ആയുർവ്വേദം, കൈത്തറി, കയർ, കരകൗശലം, മുള മുതലയാവ) ആധുനിക മേഖലകൾക്കും (ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, കോസ്മെറ്റിക്സ് മുതലായവ) ഒരുപോലെ പ്രാമുഖ്യം നൽകിയ ഈ മീറ്റ് സംസ്ഥാന സർക്കാരിന്റെ സംരംഭകത്വ വികസനം, പ്രത്യേകിച്ച് എം. എസ്. എം. ഇ കൾക്കുള്ള പ്രോത്സാഹനം എന്നിവയാണ് ലക്ഷ്യമിട്ടത്. അത് വിജയം വരിച്ചു എന്നതിന്റെ തെളിവാണ് 105,19,42,500 രൂപയുടെ ബിസിനസ്സ് നേട്ടം വ്യാപാർ 2022 ൽ ഉണ്ടായത്. ഇത് നവസംരംഭകർക്കും സ്റ്റാർട്ട് അപ്പുകൾക്കും ഏറെ പ്രചോദനമാകും.

അഖിലേന്ത്യാ വ്യാപാര വാണിജ്യ സംഘടനാ പ്രതിനിധികൾ, ബിസിനസ്സ് കൺസോർഷ്യങ്ങൾ, ഇ കൊമേഴ്സ് എക്സിക്യൂട്ടീവുകൾ, കയറ്റുമതി സ്ഥാപനങ്ങളുടെ പ്രതിനിധികൾ, മുൻനിര ഉപഭോക്താക്കൾ എന്നിവർ ഒത്തുചേർന്ന ഈയൊരു മഹാമേളയിൽ പൊതുജനങ്ങൾക്ക് സന്ദർശനാനുമതി മൂന്നാംദിനത്തിൽ മാത്രമാണ് നൽകിയതെങ്കിലും അഭൂതപൂർവ്വമായിരുന്നു ജനത്തിരക്ക്. ദൈവത്തിന്റെ സ്വന്തം നാട്ടിലെ, ജനങ്ങളുടെ സ്വന്തം സർക്കാർ സംഘടിപ്പിച്ച മേള അങ്ങനെ ചരിത്രസംഭവമായി മാറി.

സ്ത്രീ സംരംഭകർക്ക് പ്രോത്സാഹനം വാക്കുകളിലൂടെ മാത്രമല്ല പ്രവൃത്തിയിലൂടെയും യാഥാർത്ഥ്യമെന്ന് ഈ ബിസിനസ് മീറ്റ് തെളിയിച്ചു. 331 എക്സിബിഷൻ സ്റ്റാളുകളിൽ 65 എണ്ണവും കർമ്മനിരതരായ കേരളീയ വനിതകളുടെ സ്ഥിരോത്സാഹത്തിന്റെ പ്രതീകങ്ങളായിരുന്നു. ഗുണമേന്മയുള്ള ഉല്പന്നങ്ങൾ ആകർഷണീയമായ പാക്കിങ്ങുകളിൽ എത്തിച്ച് കമനീയമായ സ്റ്റാളുകളിൽ നിരത്തിയപ്പോൾ ഫ്ളിപ്പ്കാർട്ടും, ആമസോണും പോലെയുള്ള വമ്പൻ ഇ-കൊമേഴ്സ് സ്ഥാപനങ്ങളുടെ പ്രതിനിധികൾ പോലും അഭിനന്ദനങ്ങളുമായെത്തി.

ആഭ്യന്തര വിപണിയെയും ബാഹ്യ വിപണികളേയും ഒരുപോലെ ഉത്തേജിപ്പിയ്ക്കുന്ന ഒന്നായി മേള മാറി. ഒരു സാമ്പത്തികവർഷം കൊണ്ട് ഒരു ലക്ഷം സംരംഭങ്ങൾ എന്ന പ്രഖ്യാപിത ലക്ഷ്യത്തിലേക്ക് അതിവേഗം നീങ്ങുന്ന സംസ്ഥാന സർക്കാരിന്, പ്രത്യേകിച്ചും വ്യവസായ വകുപ്പിന് തുടർവർഷങ്ങളിലും ഇത്തരം മഹാ സംഗമങ്ങൾ ഒരുക്കുവാൻ വ്യാപാർ 2022 ഒരു ചാലകശക്തിയായി മാറിയെന്ന് നിസ്സംശയം പറയാനാവും. ■






ടെക്നോട്രെന്റ്

ലോറൻസ് മാത്യു

# ആധുനിക ചികിത്സയും പുത്തൻ സാങ്കേതിക വിദ്യകളും

മനുഷ്യരുടെ മുഖലക്ഷണവും ശരീരഭാഷയും നോക്കി കൃത്യമായി രോഗ നിർണ്ണയം നടത്തുകയും ചികിത്സിക്കുകയും ചെയ്തിരുന്ന ആയുർവേദാചാര്യന്മാരുണ്ടായിരുന്നുവെന്ന് നാം കേട്ടിട്ടുണ്ട്. എന്നാൽ ആധുനിക വൈദ്യ ശാസ്ത്രം പുരോഗമിച്ചപ്പോൾ എന്തിനുമേതിനും ലബോറട്ടറി പരിശോധനകൾ അനിവാര്യമായി വന്നിരിക്കുന്നു. ചികിത്സയുടെ മുന്നോടിയായി നിരവധി ടെസ്റ്റുകൾക്ക് വിധേയമാക്കപ്പെടുന്നത് ഇന്ന് സർവ്വ സാധാരണമായിട്ടുണ്ട്. എക്സറേ, സ്കാനിങ്ങ്, ഇ സി ജി പോലുള്ള ആധുനിക ഡയഗ്നോസ്റ്റിക് സംവിധാനങ്ങൾ ഇന്ന് സാധാരണക്കാർക്ക് പോലും പരിചിതമായി തീർന്നിരിക്കുന്നു. ഇത് വിളിച്ചറിയിക്കുന്നയൊരു സത്യമുണ്ട് ഒരു ഹോസ്പിറ്റലെന്നാൽ നിരവധി സംരംഭക സാധ്യതകളുടെ ഒരു കലവറയാണെന്നത്. പാരാമെഡിക്കൽ വിഭാഗം വളർച്ചയുടെ ഉന്നതിയിൽ നിൽക്കു മ്പോൾ ചേർന്ന് നിൽക്കുന്ന ഓരോ പരിശോധനാ ഉപകരണങ്ങളും അത്രമേൽ സംരംഭക സാധ്യതകൾ തുറന്നിടുന്നുണ്ട്.

ഇന്ന് ആരോഗ്യ രംഗം നിരവധി പുത്തൻ സാങ്കേതിക വിദ്യകളാൽ സമ്പുഷ്ടമാണ്. ശാസ്ത്ര സാങ്കേതിക രംഗത്തെ പല കണ്ടുപിടുത്തങ്ങളും നിരവധി മാറ്റങ്ങൾ ഈ മേഖലക്ക് സമ്മാനിച്ചിട്ടുണ്ട്. ഈ സാങ്കേതിക മുന്നേറ്റങ്ങളെപ്പറ്റി അൽപം ചർച്ചയാവാം.

പഴയ ഓപ്പറേഷൻ റൂമുകളിൽ നിന്നും വ്യത്യസ്തമായി നിരവധി ആധുനിക മെഡിക്കൽ ഉപകരണങ്ങളുടെ ഒരു സങ്കേതമാണ് ഓരോ സ്മാർട്ട് ഓപ്പറേഷൻ റൂമും. ഒരു സർജറി നടക്കുന്നുവെന്നിരിക്കട്ടെ. അതിന്റെ ഓരോ ഘട്ടവും ചില നാവിഗേഷണൽ ഉപകരണങ്ങൾ മുഖേന High Definition 3D പ്ലാസ്മാ ടി വി സ്ക്രീനിൽ ഡോക്ടർമാർക്ക് സൂക്ഷ്മമമായി കാണുവാൻ സാധിക്കുന്നു.


## സ്മാർട്ട് ഓപ്പറേഷൻ റൂം

പഴയ ഓപ്പറേഷൻ റൂമുകളിൽ നിന്നും വ്യത്യസ്തമായി നിരവധി ആധുനിക മെഡിക്കൽ ഉപകരണങ്ങളുടെ ഒരു സങ്കേതമാണ് ഓരോ സ്മാർട്ട് ഓപ്പറേഷൻ റൂമും. ഒരു സർജറി നടക്കുന്നുവെന്നിരിക്കട്ടെ. അതിന്റെ ഓരോ ഘട്ടവും ചില നാവിഗേഷണൽ ഉപകരണങ്ങൾ മുഖേന High Definition 3D പ്ലാസ്മാ ടി വി സ്ക്രീനിൽ ഡോക്ടർമാർക്ക് സൂക്ഷ്മമമായി കാണുവാൻ സാധിക്കുന്നു. സർജറി വേളകളിൽ ഓപ്പറേഷൻ തീയേറ്ററുകളിലെ ലൈറ്റുകളിൽ ഘടിപ്പിക്കുന്ന കാമറകളുടെ വീക്ഷണ കോണുകൾ പരിമിതമായതോടെ ഗൂഗിൾ ഗ്ലാസ് പോലുള്ള വെയറബിൾ ക്യാമറകൾ ഉപയോഗപ്പെടുത്തി സർജറി ദൃശ്യങ്ങൾ ചിത്ര/ചലച്ചിത്ര രൂപത്തിൽ ഒപ്പിയെടുക്കുന്ന സംവിധാനങ്ങൾക്ക് പ്രിയമേറിയിട്ടുണ്ട്. ഇത്തരത്തിൽ ഇന്റട്രാക്ടീവ് ഇൻഫർമേഷൻ തത്സമയം പങ്കിടാനാവുമെന്നത് വളരെ പ്രധാനപ്പെട്ട ഒന്നാണ്.

## സ്മാർട്ട് ബാൻഡേജ്

മുറിവ് എത്രമാത്രം ഉണങ്ങിയെന്ന് പറയുന്ന, ഡോക്ടർക്ക് പ്രോഗ്രസ് റിപ്പോർട്ട് അയച്ചു കൊടുക്കുന്ന ഒരു ബാൻഡേജിനെപ്പറ്റി സങ്കൽപ്പിച്ചു നോക്കൂ. അങ്ങനെയൊന്ന് യഥാർത്ഥ്യമായിരിക്കുന്നു.






ഫൈവ് ജി സാങ്കേതിക വിദ്യ ഉപയോഗിച്ച് യു. കെ. ഗവേഷകർ വികസിപ്പിച്ചതാണിത്. ഏതെങ്കിലും ഒരു പ്രത്യേക സമയത്ത് മുറിവിന്റെ അവസ്ഥ തിരിച്ചറിയുന്ന നാനോടെക്നോളജിയാണ് ഇതിൽ ഉപയോഗിച്ചിരിക്കുന്നത്. അത് ഒരു ഫൈവ് ജി ഇൻഫ്രാസ്ട്രക്ചറുമായി ഫോൺവഴി ബന്ധിപ്പിക്കുന്നു. നിങ്ങൾ എവിടെയാണെന്നും എത്രമാത്രം ആക്ടീവ് ആണെന്നും ഈ ബാൻഡേജ് പറയും. ചെലവു കുറയ്ക്കാനായി 3 ഡി പ്രിന്റുകൾ ആണ് ഇത് നിർമിക്കാൻ ഉപയോഗിച്ചിരിക്കുന്നത്. യു. കെ. യിലെ സ്വാൻസി സർവകലാശാലയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലൈഫ് സയൻസിന്റെ ചെയർമാനായ മാർക് ക്ലെമന്റിന്റെ നേതൃത്വത്തിലാണ് ഈ ബാൻഡേജ് വികസിപ്പിച്ചത്. സ്മാർട്ട് ഫോണുകളുമായി ഒരു മൊബൈൽ ആപ്പ് വഴി ബന്ധപ്പെടുത്തിയാണ് ഇത് സാധ്യമാവുന്നത്.

## നിർമ്മിത ബുദ്ധി ആരോഗ്യ ഉപകരണങ്ങളിൽ

ആധുനിക ചികിത്സാ രംഗത്ത് വളരെ വലിയ വിപ്ലവമാണ് കഴിഞ്ഞ ഏതാനും ദശാബ്ദങ്ങളിൽ നേടിയത്. അതിനു പ്രധാന കാരണം ശാസ്ത്ര സാങ്കേതിക രംഗത്ത് ഉണ്ടായ മുന്നേറ്റങ്ങൾ രോഗനിർണ്ണയത്തിനും ചികിത്സക്കും സഹായകമായ മെഡിക്കൽ ഉപകരണങ്ങളുടെ നിർമിതിയിൽ കൂട്ടി ചേർത്തതുകൊണ്ടാണ്. ഡ്രൈവർ ഇല്ലാതെ സ്വയം ഓടുന്ന കാറും, കവിത എഴുതുന്ന ചിത്രം വരക്കുന്ന കമ്പ്യൂട്ടറും ഒക്കെ യാഥാർത്ഥ്യമായത് പോലെ സ്വയം ചിന്തിക്കുന്ന തീരുമാനം എടുക്കുന്ന ആധുനിക വൈദ്യ ഉപകരണങ്ങളും ഇന്ന് രോഗ നിർണ്ണയം, ചികിത്സാ രംഗത്ത് വലിയ മാറ്റങ്ങൾ വരുത്തുന്നു. ഇത് സാധ്യമാകുന്നത് നിർമ്മിത ബുദ്ധിയെ ഇത്തരം ഉപകരണങ്ങളിൽ സന്നിവിശേപ്പിക്കുവാൻ സാധ്യമായത് കൊണ്ടാണ്. ബിഗ് ഡേറ്റയും മികവുറ്റ മെഷിൻ അൽഗോരിതവും, വേഗത ഏറിയതും കാര്യക്ഷമതയുള്ളതുമായ കമ്പ്യൂട്ടറുകളുടെ ആവിർഭാവം ഒക്കെയാണ് ഈ ചിന്തിക്കുന്ന മെഷിനുകൾക്ക് ജന്മം നൽകിയത്.

Smart medical equipment's അല്ലെങ്കിൽ ചിന്തിക്കുന്ന, സ്വയം തീരുമാനങ്ങൾ എടുക്കുന്ന രോഗ നിർണ്ണയ ഉപകരണങ്ങൾ എന്നത് ഒരു

യാഥാർത്ഥ്യമാണിന്ന്. ഇവ നമ്മുടെ രോഗനിർണ്ണയം നടത്തുന്നു, ചികിത്സിക്കുന്നു. ഇന്ന് ഇതൊരു സയൻസ് ഫിക്ഷനല്ല. ഇത്തരം ബുദ്ധിയുള്ള നിരവധി മെഡിക്കൽ ഉപകരണങ്ങൾ ആധുനീക ചികിത്സാരംഗത്തെ മാറ്റിമറിക്കുന്നു. ഒരു ഇ.സി.ജി മെഷീൻ രേഖപെടുത്തിയ കാർഡിയോഗ്രാഫ് സ്വയം വിശകലനം ചെയ്തു രോഗിയുടെ ഹൃദയ തകരാർ കൃത്യമായി നിർണയിക്കുന്നു. സ്തനാർബുദ സാധ്യതകൾ മുന്നേ കൂട്ടി ചൂണ്ടി കാണിക്കാൻ തക്ക "ബുദ്ധിയുള്ള'' മാമോഗ്രഫി മെഷീൻ (mammography), തലച്ചോറിലെ മുഴ കാൻസർ വരാനുള്ള സാധ്യത ഉള്ളതാണോ എന്ന് പറയുന്ന CT/MRI മെഷീനുകൾ, ക്യാൻസർ കോശങ്ങളെ മാത്രം കണ്ടെത്തി സർജറി നടത്താൻ തക്ക ബുദ്ധിയുള്ള റോബോട്ടിക് സർജറി മെഷീനുകൾ ഇതൊക്കെ ഇന്ന് ഒരു യാഥാർത്ഥ്യമാണ്.

2016-ൽ google ലെ ഗവേഷകർ ഫണ്ട്സ് ക്യാമറ പകർത്തുന്ന (glaucoma and multiple sclerosis)എന്നീ നേത്ര രോഗങ്ങൾ കണ്ടെത്താൻ ഉപയോഗിക്കുന്ന ഉപകരണം) ചിത്രങ്ങളിൽ നിന്ന് ഡയബറ്റിക് റെറ്റിനോപ്പതി കണ്ടെത്താൻ കഴിവുള്ള നിർമിത ബുദ്ധി വികസിപ്പിച്ചെടുത്തു (deep learning algorithm). ഇന്ന് വളരെ വ്യാപകമായി ഒരു പരിണിതപ്രജ്ഞയായ നേത്ര രോഗ വിദഗ്ദ്ധയുടെ മികവോടെ ഈ സംവിധാനം diabetic retinopathy screening ചെയ്യുന്നു. മാനുഷിക പരിമിതികൾ കൊണ്ട് പലപ്പോഴും കണ്ടെത്താൻ കഴിയാത്തതും, സമീപ ഭാവിയിൽ ഈ രോഗം വരാനുള്ള സാധ്യത പോലും കൃത്യമായി മുൻകൂട്ടി പറയാൻ ഈ നിർമിത ബുദ്ധിക്കു കഴിയുന്നു.

## റേഡിയോളജിയിൽ നിർമ്മിത ബുദ്ധി

നിർമിത ബുദ്ധിയുടെ ഉപയോഗം വലിയ മാറ്റങ്ങൾ വരുത്തിയത് Radiology imaging രംഗത്താണ്. ഒരുപക്ഷെ ഒരു റേഡിയോളോജിസ്റ്റിന്റെ സഹായം ഇല്ലാതെ വളരെ കൃത്യമായി ഒരു X Ray/ CT/ MRI എടുത്ത ചിത്രങ്ങൾ പരിശോധിച്ച് രോഗ നിർണ്ണയം നടത്താൻ കഴിവുള്ള AI സംവിധാനങ്ങൾ രോഗ നിർണ്ണയ മേഖലയിൽ ഉപയോഗിക്കുന്നു (Eg: Automated Imaging Analytics Engine).പക്ഷെ മനുഷ്യ ഇടപെടൽ ഇല്ലാതെ പൂർണ്ണമായും രോഗ നിർണ്ണയം ഒരു മെഷീൻ നടത്തുന്നത് ഒരു നൈതീകതയുടെ വിഷയമാണ്. അതുകൊണ്ട് ഇത്തരം സംവിധാനങ്ങൾ ഡോക്ടറെ അവരുടെ ജോലിയിൽ സഹായിക്കുന്ന, വേഗത കൂട്ടുന്ന, ഒരു 2nd opinion ആയിട്ടാണ് സാധാരണ ഉപയോഗിക്കുന്നത്. അതെ സമയം ഒരു ഡോക്ടർക്ക് സംഭവിക്കാവുന്ന മാനുഷിക പ





രിമിതികളെ (human error) ഇത്തരം സംവിധാനങ്ങൾ മറികടക്കുന്നു . മനുഷ്യ നേത്രങ്ങൾക്ക് കണ്ടെത്താൻ കഴിയാത്ത പല വ്യതിയാനങ്ങളും ഒരു X Ray യിൽ നിന്ന് കണ്ടെത്താനും രോഗം വരാനുള്ള സാധ്യത മുൻകൂട്ടി കാണാനും ഇത്തരം നിർമിത ബുദ്ധിയിൽ പ്രവർത്തിക്കുന്ന സംവിധാനങ്ങൾക്ക് കഴിയുന്നു. ഇന്ന് ക്ഷയരോഗ നിർണ്ണയത്തിനും കോവിഡ് രോഗ നിർണ്ണയത്തിനും (mass screening) വളരെ വ്യാപകമായി നിർമിത ബുദ്ധിയുടെ സഹായം പല രാജ്യങ്ങളും പ്രയോജനപെടുത്തുന്നു. 99% കൃത്യത ഇത്തരം രോഗ നിർണ്ണയത്തിനു ഉണ്ട് എന്ന് വിദഗ്ധർ സാക്ഷ്യപെടുത്തുന്നു. ഇത് മനുഷ്യന്റെ പരിമിതികൾക്കും മേലെയാണ്.

IBM Watson Health, Google Health/Deep mind തുടങ്ങിയവരൊക്കെ ഈ രംഗത്ത് വലിയ മുന്നേറ്റങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ ചില ഇന്ത്യൻ കമ്പനികളും ഈ രംഗത്ത് ശക്തമായി നിലയുറപ്പിച്ചിട്ടുണ്ട്. ലോകത്ത് ഏറ്റവും അധികം ക്ഷാമം ഉള്ള ഒരു വൈദ്യശാസ്ത്ര വിദഗ്ധവിഭാഗം ആണ് റേഡിയോളജിസ്റ്റ്. നമ്മുടെ രാജ്യത്തെ പല വിദൂര പ്രദേശങ്ങളിൽ ഇത്തരം വൈദഗ്ധ്യം ഉള്ള ഡോക്റ്റർമാരുടെ സേവനം ലഭിക്കുക പലപ്പൊഴും അസാധ്യമാണ്. ഇത്തരം പ്രയാസങ്ങൾക്ക് വലിയ പരിഹാരം കൂടിയാണ് ഈ നിർമിത ബുദ്ധി അടിസ്ഥാനമായ റേഡിയോളജി.

## ബയോ നാനോ ടെക്നോളജി

ക്യാൻസർ രോഗനിർണ്ണയത്തിൽ Pathology AI system ഇന്ന് വ്യാപകമായി ഉപയോഗിക്കുന്നു. രോഗനിർണ്ണയത്തിനു പാതോളജി വിദഗ്ധർ സ്ലയിഡുകളുടെ സൂക്ഷ്മദർശിനി പരിശോധനയെ ആശ്രയിക്കുന്നു. പക്ഷെ പലപ്പോഴും ഒരേ സ്ലയിഡിൽ തന്നെ പല വിദഗ്ദ്ധർക്ക് വ്യത്യസ്ത അഭിപ്രായം ഉണ്ടാവുക സ്വാഭാവികം ആണ്. എന്നാൽ AI Pathology system 99.9 % കൃത്യതയോടുകൂടി വിദഗ്ദ്ധനായ ഒരു പതോളജിസ്റ്റിനേക്കാൾ വേഗതയിൽ ഒരു ട്യൂമർ കോശത്തെ വിലയിരുത്താനും അതിനെ ബാധിച്ചിരിക്കുന്ന ക്യാൻസറിന്റെ അപ്പോഴത്തെ അവസ്ഥ വരെ കണ്ടെത്താനും കഴിയുന്നു (Predict Prognosis of stage). ഈ കഴിവ് മനുഷ്യ നേത്രത്തിന്റെ പരിമിതിക്കപ്പുറം ആണ്.

ക്യാൻസർ കോശങ്ങളിലേക്ക് നേരിട്ട് ഔഷധങ്ങൾ നാനോ രൂപത്തിൽ എത്തിക്കുന്നത് വഴി അവ മാത്രം നശിപ്പിക്കുവാൻ ഇന്ന് സാധിക്കും. അതായത് ചുറ്റുമുള്ള ആരോഗ്യമുള്ള കോശങ്ങൾക്ക് കേട് വരുന്നില്ലയെന്നർത്ഥം. കോശത്തിനുള്ളിലേക്ക് മരുന്ന് എത്തികുവാനായി മോസോപ്പോറസ് സിലിക്ക നാനോ കണികകൾ ഉപയോഗിക്കുന്നത് ഫലപ്രദമാണെന്നാണ് ഗവേഷണ മതം.

## Intelligent Consultation program

ഇത് മറ്റൊരു വലിയ സാധ്യതയാണ്. വൈദ്യശാസ്ത്ര അറിവുകളും രോഗിയുടെ ശരീര പരിശോധനയിലെ വിവരങ്ങളും (patients symptoms, vital signs, blood test etc) ഒരു വലിയ ഡേറ്റാ ബേസില് നൽകിയാൽ കാര്യക്ഷമത ഉള്ള ഒരു അൽഗോരിതം വളരെ കൃത്യതയോടെ രോഗനിർണ്ണയം നടത്തുന്നു. ഇതിന്റെ കാര്യക്ഷമത വളരെ പരിണിതപ്രജ്ഞനായ ഒരു ജനറൽ പ്രക്ടീഷനേക്കാൾ 20% ലേറെ മികവു പുലർത്തുന്നു എന്നാണു വിദഗ്ധരുടെ സാക്ഷ്യപത്രം. Edward Shortliffe& Bruce G Buchanan എന്നിവർ ചേർന്ന് Rule based expert system എന്ന ഒരു സംവിധാനം 1975 ൽ തന്നെ കണ്ടുപിടിച്ചിരുന്നു. പക്ഷെ ഇന്ന് ഇതിനെ നിർമിത ബുദ്ധിയുടെ കഴിവ് കൂടി ചേർത്ത് വളരെ കാര്യക്ഷമത ഉള്ള ഒരു വിർചൽ ഡോക്ടർ ആക്കി മാറ്റി. ഇത് ടെലിമെഡിസിൻ രംഗത്ത് നിരവധി മാറ്റങ്ങൾ കൊണ്ടുവരും. ഇന്നു വളരെ വ്യാപകമായി ഉപയോഗിക്കുന്ന ഹോം കെയർ മെഡിക്കൽ ഉപകരണങ്ങൾ (Wearables and point of care Equipment) നിർമ്മിത ബുദ്ധിയെ സന്നിവേശിപ്പിച്ചു വളരെ ഫലപ്രദമായ ടെലി മെഡിസിൻ സംവിധാനങ്ങൾ നിലവിൽ ഉണ്ട്. നിർമ്മിത ബുദ്ധി അടിസ്ഥാനമാക്കിയ ഇത്തരം സംവിധാനം പൂർണ്ണമായി ഡോക്ടറെ ഒഴിവാക്കാൻ വേണ്ടിയല്ല. പക്ഷെ രോഗ നിർണ്ണയത്തിനു ഡോക്ടറെ സഹായിക്കുന്ന ഒരു second Opinion സംവിധാനം ആണ്. ഒരു ഡോക്ട്ടർ രോഗനിർണ്ണയം നടത്തുന്നത് രോഗിയുടെ രോഗലക്ഷണങ്ങൾ രോഗിയെ പരിശോധിച്ചു കിട്ടുന്നവിവരങ്ങൾ (Vital sign, Lab reports) അടിസ്ഥാനത്തിൽ രോഗ നിർണ്ണയത്തിൽ എത്തുന്നു. എന്നാൽ ഒരു AI Integrative decision support സംവിധാനം പ്രയോജന പ്പെടുത്തുന്ന ഡോക്ടർ രോഗിയുടെ പ

ബയോ പ്രിന്റിങ്ങ് ഉൾപ്പെടെയുള്ള പുത്തൻ സാങ്കേതിക വിദ്യകൾ ഇവിടെ പരാമർശത്തിന ർഹമാണെങ്കിലും ആയത് പ്രത്യേകം ലേഖനം തന്നെയായി മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതിനാൽ ഒഴിവാക്കുന്നു. ആധുനിക ചികിത്സാ രീതികൾ നവീന സാങ്കേതിക വിദ്യകളുടെ ചിറകിലേറി മുന്നേറിക്കൊണ്ടിരിക്കുമ്പോൾ പുത്തൻ സ്റ്റാർട്ടപ്പുകൾ ഈ രംഗത്ത് ഉണ്ടാകേണ്ടിയിരിക്കുന്നു. സാങ്കേതിക പരിജ്ഞാനമുള്ള യുവതലമുറ ആധുനിക സാങ്കേതിക വിദ്യകളിലധിഷ്ഠിതമായ പുത്തൻ സംരംഭക സാധ്യതകളിലേക്ക് കടക്കേണ്ടിയിരിക്കുന്നു.

രിശോധനാ വിവരങ്ങൾ Electronic Health Records (HER) AI സംവിധാനത്തിന് നൽകുമ്പോൾ AI സംവിധാനം (Rule Based Algorithm/ Machine Learning Algorithm's) കൃത്യത ഉള്ള രോഗ നിർണ്ണയത്തിനു ഡോക്ടറെ സഹായിക്കുന്നു. പരിചയസമ്പന്നതയോ വൈദഗ്ധ്യമോ കുറഞ്ഞ ഡോക്ടർക്ക് പോലും കൃത്യത ഉള്ള രോഗനിർണയം നടത്താൻ സാധിക്കുന്നു.




## AI based Precision Medicine

Precision Medicine നിർമ്മിത ബുദ്ധിഉപയോഗിക്കുന്ന മറ്റൊരു മേഖലയാണ്. ഒരോ പ്രമേഹരോഗിയുടെയും രോഗത്തിന്റെ പ്രത്യേക സ്വഭാവം അയാളുടെ ശാരീരീക പ്രത്യേകതയും ഓരോ സമയത്തും ശരീരത്തിലെ ഗ്ലൂക്കോസ് നില അളന്നു ആവശ്യം ഉള്ളത്ര ഡോസ് ഇൻസുലിൻ നൽകുന്ന AI based Insulin Pump ഇന്ന് ലഭ്യമാണ് . ഓരോ രോഗിയും പലതരം ശരീര പ്രത്യേകതകൾക്കനുസരിച്ച് പരിചരിക്കുന്ന AI based Precision Medicine ഇന്ന് വളർന്നു വരുന്ന ചികിത്സാ ശാഖയാണ്.

## സ്മാർട്ട് മെഡിക്കൽ ബോക്സ്

മരുന്ന് ഉപയോഗിക്കുന്ന ആളെ അവയുടെ സമയം ഓർപ്പിക്കുന്നവയാണ് സ്മാർട്ട് മെഡിക്കൽ ബോക്സുകൾ. ഒരു സ്മാർട്ട് ഫോണിലെ ആപ്ലിക്കേഷൻ ഉപയോഗിച്ച് നമുക്ക് റിമൈൻഡറുകൾ സെറ്റ് ചെയ്യുവാൻ കഴിയുന്നു.

ബയോ പ്രിന്റിങ്ങ് ഉൾപ്പെടെയുള്ള പുത്തൻ സാങ്കേതിക വിദ്യകൾ ഇവിടെ പരാമർശത്തിന ർഹമാണെങ്കിലും ആയത് പ്രത്യേകം ലേഖനം തന്നെയായി മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതിനാൽ ഒഴിവാക്കുന്നു. ആധുനിക ചികിത്സാ രീതികൾ നവീന സാങ്കേതിക വിദ്യകളുടെ ചിറകിലേറി മുന്നേറിക്കൊണ്ടിരിക്കുമ്പോൾ പുത്തൻ സ്റ്റാർട്ടപ്പുകൾ ഈ രംഗത്ത് ഉണ്ടാകേണ്ടിയിരിക്കുന്നു. സാങ്കേതിക പരിജ്ഞാനമുള്ള യുവതലമുറ ആധുനിക സാങ്കേതിക വിദ്യകളിലധിഷ്ഠിതമായ പുത്തൻ സംരംഭക സാധ്യതകളിലേക്ക് കടക്കേണ്ടിയിരിക്കുന്നു. ■



ഡോ. ശചീന്ദ്രൻ. വി

# ഗുഡ്സ് ആൻഡ് സർവീസസ് ടാക്സ് നെറ്റ്വർക്ക്

## (Goods and Services Tax Network-GSTN)

ഒരു രാജ്യം, ഒരു നികുതി, ഒരു വിപണി എന്ന ലക്ഷ്യത്തോടെ ജൂലൈ 2017 ഇന്ത്യയിൽ നടപ്പാക്കിയ പരോക്ഷ നികുതി നിയമമാണ് ചരക്കു സേവന നികുതി നിയമം. ഇന്ത്യയിൽ 28 സംസ്ഥാനങ്ങളും, 8 കേന്ദ്ര ഭരണ പ്രദേശങ്ങളും ഉണ്ട്. അവയിൽ നിരവധിയായ സാധനങ്ങളുടെയും സേവനങ്ങളുടെയും ദശലക്ഷക്കണക്കിനു ഇടപാടുകൾ നടക്കുന്നുണ്ട്. ഇത്രയും വൈവിധ്യങ്ങളെ ഒരു നികുതി നിയമത്തിന്റെ കീഴിൽ കൊണ്ട് വരികയും, അത് ഏകീകൃതമായ രീതിയിൽ നടപ്പാക്കുകയും ചെയ്യുക എന്നത് വളരെ വെല്ലുവിളികൾ നിറഞ്ഞ ഒന്നാണ്. ഈ ദൗത്യം നിറവേറാനായി 2013 മാർച്ച് 28നു ഇന്ത്യയിൽ ആരംഭിച്ച വിവര സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള ഒരു കമ്പനിയാണ് ഗുഡ്സ് ആൻഡ് സർവീസസ് ടാക്സ് നെറ്റ്വർക്ക് (GSTN). ഇതിന്റെ പ്രത്യേകതകളും കർത്തവ്യങ്ങളും വ്യക്തമാക്കുന്നതാണ് ഈ ലേഖനം.

ഗുഡ്സ് ആൻഡ് സർവീസസ് ടാക്സ് നെറ്റ്വർക്ക്, നികുതിദായകർ തമ്മിലും, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു ബന്ധപ്പെട്ടവർ തമ്മിലും ഉള്ള ആശയ വിനിമയവും, ഇടപാടുകൾ നടത്തലിനുമായി ഒരു മാധ്യമമായി പ്രവർത്തിക്കുന്നു. ജി.എസ്. ടി. നെറ്റ് വർക്ക് വരുന്നതിനു മുൻപ് നികുതി ദായകർ വിവിധങ്ങളായ നികുതി സംവിധാനങ്ങളിലായിരുന്നു. ചരക്കു സേവന നികുതി സംവിധാനം ഐ.ടി. അധിഷ്ഠിതമായതിനാൽ ജി.എസ്.ടി നെറ്റ് വർക്കിലൂടെ ഏകീകൃതമായ ഒറ്റ പോർട്ടലിലൂടെ രാജ്യത്തുടനീളം സുഗമമായി ഈ നിയമം നടപ്പാക്കാൻ സഹായിക്കുന്നു. ജി.എസ്.ടി. നെറ്റ് വർക്കിലൂടെ നികുതി നിയമങ്ങൾ പാലിക്കുവാനും ഭരണപരമായ ലക്ഷ്യങ്ങൾ നിറവേറ്റാനും സാധിക്കുന്നു.

## ജി.എസ്.ടി. നെറ്റ് വർക്കിന്റെ ഘടന

കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളും സ്വകാര്യ സ്ഥാപനങ്ങളുമാണ് ജി.എസ്.ടി. നെറ്റ് വർക്കിന്റെ ഉടമകൾ. ഘടനാപരമായി, ജി. എസ്. ടി. നെറ്റ് വർക്കിന്റെ പങ്കാളിത്തം 49% ഗവൺമെന്റുകൾക്കും 51 % സ്വകാര്യ സ്ഥാപനങ്ങൾക്കും ആണുള്ളത്. സ്വകാര്യ സ്ഥാപനങ്ങൾ എന്നാൽ ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളുമാണ് ഉൾപ്പെടുന്നത്. ഒറ്റയ്ക്ക് കേന്ദ്ര ഗവൺമെന്റിനാണ് ഇതിൽ കൂടുതൽ ഓഹരി പങ്കാളിത്തമുള്ളത്. 10 കോടി രൂപയാണ് ഇതിന്റെ സ്ഥാപിത മൂലധനം (Authorised capital). വിശദമായ പങ്കാളിത്തം ചുവടെ ചേർക്കുന്നു

| ഓഹരി ഉടമ | ഓഹരി |
|---|---|
| **പങ്കാളിത്തം** | |
| 1. കേന്ദ്ര ഗവൺമെന്റ് | 24.5% |
| 2. സംസ്ഥാന ഗവൺമെന്റുകൾ | 24.5% |

| | | |
|---|---|---|
| 3. | എച്. ഡി.എഫ്.സി | 10% |
| 4. | എച്. ഡി.എഫ്.സി ബാങ്ക് | 10% |
| 5. | ഐ.സി.ഐ.സി. ബാങ്ക് | 10% |
| 6. | എൻ.എസ്.ഇ. സ്ട്രാറ്റജിക് ഇൻവെസ്റ്റ്മെന്റ് കമ്പനി | 10% |
| 7. | എൽ.ഐ.സി. ഹൗസിങ് ഫിനാൻസ് ലിമിറ്റഡ് | 11% |
| | ആകെ | 100% |

അത് കൂടാതെ 315 കോടി രൂപയുടെ ഗ്രാന്റ് ഇതിന്റെ ഐ.ടി. സംവിധാനം വികസിപ്പിക്കാനായി ഇൻഫോസിസ് ടെക്നൊളജിസ് ലിമിറ്റഡിന് അനുവദിച്ചിട്ടുണ്ട്.

## ജി.എസ്.ടി. നെറ്റ് വർക്കിന്റെ പ്രത്യേകതകൾ

**1. വൻതോതിലുള്ള ഇടപാടുകൾ കൈകാര്യം ചെയ്യുന്നു.–** ജി.എസ്.ടി. നെറ്റ് വർക്കിന് വൻ തോതിലുള്ള സങ്കീർണ്ണമായ ഇടപാടുകളെ കൈകാര്യം ചെയ്യാൻ കഴിയും. അന്തർ സംസ്ഥാന ജി.എസ്.ടി, ഇൻപുട് ടാക്സ് ക്രെഡിറ്റ് തുടങ്ങിയ ഇടപാടുകൾ അനായാസം കൈകാര്യം ചെയ്യുന്നു. സുരക്ഷിതവും മികവുള്ളതുമായ ഐ.ടി. സംവിധാനത്തിലൂടെ നികുതി ദായകരും ജി.എസ്.ടി. നെറ്റ് വർക്കും തമ്മിലുള്ള വിവര കൈമാറ്റം നടക്കുന്നു.

**2. വിശ്വസ്തമായ ദേശീയ ഇൻഫർമേഷൻ യൂട്ടിലിറ്റി –** ജി.എസ്.ടി. നെറ്റ് വർക്കിനെ ഏറ്റവും വിശ്വസ്തമായ, ദേശീയ തലത്തിലുള്ള വിവര സംവിധാന മായാണ് കാണുന്നത്. അതിന്റെ സുരക്ഷിതവും ശക്തവുമായ ഐ.ടി. സംവിധാനത്തിലൂടെ വിവര കൈമാറ്റം നടക്കുന്നു. അത്തരം വിവരങ്ങൾ ശരിയാണോ എന്ന് അനായാസം പരിശോധിക്കുവാനും സാധിക്കുന്നു.

**3. പണം അടക്കുവാനുള്ള വഴികൾ–** ചരക്കു സേവന നികുതിയുടെ ഭാഗമായി പല തരത്തിലുള്ള പണം അടക്കലുകൾ ആവശ്യമായി വരും. ഓൺലൈൻ ആയും ഓഫ് ലൈൻ ആയും നികുതി ദായകർക്ക് പണം അടക്കുവാനുള്ള മാർഗങ്ങൾ ജി. എസ്.ടി. നെറ്റ് വർക്കിന്റെ പോർട്ടൽ നൽകുന്നു.

ഓൺലൈൻ മുഖേന, ഇന്റർനെറ്റ് ബാങ്കിങ് സംവിധാനം ഉപയോഗിച്ചു പണം അടക്കൽ നടത്താവുന്നതാണ്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, ചില ബാങ്കുകളെ ജി.എസ്.ടി. യുമായി ബന്ധപ്പെട്ട പണം സ്വീകരിക്കാനായി ഏജൻസി ബാങ്കുകളായി അധികാരപ്പെടുത്തിയിട്ടുണ്ട്. നികുതി ദായകർക്ക് അത്തരം ഏജൻസി ബാങ്കുകളുടെ വെബ് പോർട്ടലിൽ കയറി, നടത്തിയ ജി.എസ്.ടി. ഇടപാടിന്റെ ചലാൻ



CAPITAL

Manufacturers of Quality High Density
Interlock Paving Blocks

CAPITAL PAVINGS
MALAPPURAM & SHORNUR

16/134-b, Mailadi-Valloor Road,
**Pookkottur**, Malappuram, Kerala, 676 517
9447 092 935, 9744 674 638
E mail:capitalpavingsmlp@gmail.com

Gurudevan Estate
Paruthipra, Shoranur - 679 121
Mob: 9447092935, 9656002935
E mail:capitalghpa@gmail.com

ഡൌൺലോഡ് ചെയ്യാവുന്നതാണ്. ഓഫ് ലൈൻ മാർഗത്തിൽ തിരഞ്ഞെടുത്ത ഏജൻസി ബാങ്കുകളുടെ കൗണ്ടർ വഴി അടച്ചിട്ട്, അത് ജി.എസ്.ടി. പോർട്ടലിലേക്കു അറിയിക്കാവുന്നതാണ്.

**4. വിവരങ്ങളുടെ സുരക്ഷിതത്വം:** പോർട്ടലിൽ വരുന്ന വിവരങ്ങളുടെ സുരക്ഷിതത്വവും രഹസ്യാത്മകതയും സൂക്ഷിക്കുന്നതും ജി.എസ്.ടി. നെറ്റ് വർക്കിന്റെ ഉത്തരവാദിത്വമാണ്.

**5. ചിലവുകൾ വഹിക്കൽ:** ജി.എസ്.ടി. നെറ്റ് വർക്കിന്റെ യൂട്ടിലിറ്റിയുടെയും, ഭൗതിക സൗകര്യങ്ങളുടെയും പാലിക്കലിന്റെയും, മറ്റു ആവശ്യങ്ങൾക്കുമായുള്ള ചിലവ് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ തുല്യമായി വഹിക്കുന്നു. ഇതിൽ ഓരോ സംസ്ഥാനത്തിന്റെയും വിഹിതം, ആ സംസ്ഥാനത്തിലെ നികുതി ദായകരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കുന്നു.

## ജി. എസ്. ടി. നെറ്റ് വർക്കിന്റെ കർത്തവ്യങ്ങൾ

ജി.എസ്.ടി. നെറ്റ് വർക്കിന്റെ കർത്തവ്യങ്ങൾ താഴെ പറയുന്നവയാണ്.

### 1. ആശയ വിനിമത്തിനുള്ള മാധ്യമം

നികുതി ദായകരും ഗവൺമെന്റുകളും തമ്മിലുള്ള ആശയ വിനിമയത്തിന്റെ മാർഗമായി പ്രവർത്തിക്കുക എന്നതാണ് ജി.എസ്.ടി. നെറ്റ് വർക്കിന്റെ പ്രധാന ചുമതല. ഇതിന്റെ ജി.എസ്.ടി. പോർട്ടൽ വഴി, നികുതി ദായകരുമായി ബന്ധപ്പെട്ട എല്ലാ ഇടപാടുകളും കൃത്യമായ രീതിയിൽ നടക്കുന്നു. ഓരോ മാസവും പതിനായിരകണക്കിന് ഇൻവോയ്സുകളും റിട്ടേണുകളും പ്രോസസ്സ് ചെയ്യുകയും നിയമത്തിന്റെ മറ്റു വശങ്ങളിൽ (നികുതി നിർണയം, പിഴ, പലിശ തുടങ്ങിയവ ഉൾപ്പെടെ) തീരുമാനമെടുക്കാനും ജി.എസ്.ടി. നെറ്റ് വർക്ക് സഹായിക്കുന്നു.

### 2. നികുതി ദായകരുടെ പ്രൊഫൈൽ വിശകലനം ചെയ്യൽ.

ഒരു വ്യക്തിക്ക് ജി.എസ്.ടി. നെറ്റ് വർക്കിൽ രജിസ്റ്റർ ചെയ്യാൻ അയാൾ തന്റെ വിവരങ്ങൾ പോർട്ടലിലേക്കു നൽകുന്നു. അത്തരം വിവരങ്ങൾ ബോധ്യപ്പെടുകയും അംഗീകാരത്തിനായി കേന്ദ്ര ഗവൺമെന്റിലേക്കും ബന്ധപ്പെട്ട സംസ്ഥാന ഗവൺമെന്റിലേക്കും കൈമാറുന്നതും ജി.എസ്. ടി നെറ്റ് വർക്കിന്റെ ചുമതലയായണ്.

### 3. രജിസ്ട്രേഷൻ

ഒരിക്കൽ ഒരു വ്യക്തിയുടെ പ്രൊഫൈൽ ബോധ്യപ്പെടുകയും, അംഗീകരിക്കുകയും ചെയ്താൽ ആ ആൾക്ക് രജിസ്ട്രേഷൻ നമ്പർ അനുവദിക്കുന്നത് ജി.എസ്.ടി. നെറ്റ് വർക്കാണ്. ജി.എസ്.ടി. നെറ്റ് വർക്കിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് 15 അക്ക ഗുഡ്സ് ആൻഡ് സർവീസസ് ടാക്സ് ഐഡന്റിറ്റി നമ്പർ അനുവദിക്കുന്നു. ഇക്കാര്യം ബന്ധപ്പെട്ട നികുതി അധികാരികളെ അറിയിക്കുകയും ചെയ്യുന്നു. ഇത് പഴയ സംസ്ഥാന മൂല്യ വർധിത നികുതി നിയമത്തിലെ ടാക്സ് ഐഡന്റിഫിക്കേഷൻ നമ്പറിന് പകരമായി ഉപയോഗിക്കാവുന്നതാണ്.

### 4. ഇൻവോയ്സുകൾ ഒത്തു നോക്കൽ

ചരക്കു സേവന നികുതി നിയമത്തിനു കീഴിലെ സുപ്രധാന മായൊരു ഇനമാണ് ഇൻപുട് ടാക്സ് ക്രെഡിറ്റ്. ഇത് നികുതി ദായകർക്ക് ലഭിക്കണമെങ്കിൽ ഇൻപുട് വാങ്ങിയതിന്റെയും ഔട്ട്പുട്ട് വില്പന നടത്തിയതിന്റെയും ഇൻവോയ്സുകൾ തമ്മിൽ ഒത്തു നോക്കുകയും, വ്യത്യാസങ്ങൾ ഉണ്ടെങ്കിൽ പരിഹരിക്കുകയും വേണം. എങ്കിൽ മാത്രമേ വില്പന നടത്തുമ്പോൾ ഇൻപുട് ടാക്സ് ക്രെഡിറ്റ് ലഭിക്കുകയുള്ളൂ. ജി.എസ്.ടി. നെറ്റ്വർക്ക് ഇതിനുള്ള സംവിധാനം ഒരുക്കുന്നു.

### 5. റിട്ടേൺ സമർപ്പണം

ചരക്കു സേവന നികുതി നിയമത്തിനു കീഴിലെ ഏതൊരു റിട്ടേൺ സമർപ്പണവും അനായാസമായി ചെയ്യാൻ ജി.എസ്.റ്റി. നെറ്റ് വർക്ക് സൗകര്യമൊരുക്കുന്നു. ഇതിനുള്ള നടപടി ക്രമങ്ങൾ ലളിതവും അനായാസമാക്കി തീർക്കുന്നത് ജി.എസ്. ടി നെറ്റ് വർക്കാണ്. അങ്ങനെ റിട്ടേൺ ഫയൽ ചെയ്താൽ അത് പ്രോസസ്സ് ചെയ്യുകയും, കേന്ദ്രത്തിലേയും സംസ്ഥാനത്തെയും നികുതി വകുപ്പുകൾക്ക് കൈമാറുകയും ചെയ്യുന്നു.

### 6. മറ്റു കർത്തവ്യങ്ങൾ

മുകളിൽ നൽകിയ അടിസ്ഥാന കർത്തവ്യങ്ങൾ കൂടാതെ, ഇന്റഗ്രേറ്റഡ് ജി.എസ്.ടി. കണക്കാക്കലും അഡ്ജസ്റ്റ് ചെയ്യലും, ഏജൻസി ബാങ്കുകളുടെ നികുതി അടച്ച വിവരങ്ങൾ സമാഹരിക്കൽ, ഇൻപുട് ടാക്സ് ക്രെഡിറ്റ് കാൽക്കുലേറ്റർ പരിപാലിക്കൽ, ഗവൺമെന്റുകൾക്കാവശ്യമായ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം റിപോർട്ടുകൾ ഉണ്ടാക്കലും അയച്ചു നൽകൽ എന്നിവയും ജി.എസ്.ടി. നെറ്റ് വർക്കിന്റെ ചുമതലയിൽ പെടുന്നവയാണ്.

ചുരുക്കത്തിൽ ദേശീയ തലത്തിൽ ചരക്കു സേവന നികുതി നിയമം ഏകീകൃതമായ രീതിയിൽ, ലളിതമായി നടപ്പാക്കുന്നതിൽ നിർണായകമായ ഒരു പങ്കാണ് ജി.സ്. റ്റി നെറ്റ് വർക്ക് വഹിക്കുന്നത്. ■

(മഞ്ചേശ്വരം ജി. പി. എം. ഗവൺമെന്റ് കോളേജിലെ അസോസിയേറ്റ് പ്രൊഫസറും വാണിജ്യ വിഭാഗം മേധാവിയുമാണ് ലേഖകൻ)





 റ്റി. എസ്. ചന്ദ്രൻ

# കാതലായ മാറ്റങ്ങളുമായി പി. എം. ഇ. ജി. പി

ഇന്ത്യയിലെ ഏറ്റവും മികച്ച സംരംഭ വായ്പാ പദ്ധതിയാണ് പി. എം. ഇ. ജി. പി.(പ്രധാനമന്ത്രി തൊഴിൽ ദായക പദ്ധതി). ഈ പദ്ധതിയിൽ കാതലായ ഏതാനും മാറ്റങ്ങൾ വരുത്തിയിരിക്കുകയാണ് കേന്ദ്ര എം. എസ്. എം. ഇ മന്ത്രാലയം.

## 1. പദ്ധതിചെലവിന് പരിധി ഇല്ല

25 ലക്ഷം പരമാവധി പദ്ധതി ചെലവ് എന്നത് ഭേദഗതി ചെയ്തു. ഇതിന് പരിധിയില്ല. പക്ഷേ നിർമാണ സ്ഥാപനങ്ങൾക്ക് 50 ലക്ഷം രൂപ വരേയും, സേവന സ്ഥാപനങ്ങൾക്ക് 20 ലക്ഷം രൂപ വരേയും മാത്രമേ സബ്സിഡിക്ക് പരിഗണിക്കൂ. സബ്സിഡി നിരക്ക് 15 മുതൽ 35% വരെ ആയി തുടരും.

## 2. പൗൾട്രി ഫാമുകൾക്കും, ഫിഷ് ഫാമുകൾക്കും വായ്പ

ഇനി പൗൾട്രി ഫാമുകൾക്കും, ഫിഷ് ഫാമുകൾക്കും, ട്രാൻസ്പോർട്ടേഷൻ വാഹനങ്ങൾക്കും, വാൻ/ ആട്ടോ ടാക്സികൾക്കും, വെജിറ്റേറിയൻ ഹോട്ടലുകൾക്കും, പശുവിനെ വളർത്തി പാൽ ഉൽപന്നങ്ങൾ നിർമ്മിക്കുന്ന ഫാമുകൾക്കും വായ്പ ലഭിക്കും. റീട്ടെയിൽ ബിസിനസിന് വ്യവസ്ഥകളോടെ വായ്പ ലഭിക്കും. ഖാദി/ പി. എം. ഇ. ജി. പി. യൂണിറ്റുകളുടെ ഉൽപന്നങ്ങളോ, ഉല്പാദന- സേവന സ്ഥാപനങ്ങളുടെ റീട്ടെയിൽ ഔട്ട്ലെറ്റുകളോ ആയിരിക്കണം.

| | ഇനം | 2018–19 ലെ ലക്ഷ്യം | 2018–19 ലെ നേട്ടം | % നേട്ടം |
|---|---|---|---|---|
| 1. | പുതിയ സംരംഭങ്ങൾ | 1467 എണ്ണം | 2376 | 162% |
| 2. | മാർജിൻ മണി ഗ്രാന്റ്/ സബ്സിഡി | 3667.38 ലക്ഷം രൂപ | 5160.19 | 141% |
| 3. | തൊഴിൽ നൽകൽ | 11736 എണ്ണം | 19008 | 161% |

**2018–19 വർഷത്തെ ജില്ല തിരിച്ചുള്ള പ്രകടനം**

| ജില്ല | ബാങ്കിലേക്ക് ശുപാർശ ചെയ്ത അപേക്ഷകൾ എണ്ണം | അതിലെ ഗ്രാന്റ് (എം. എം. ജി) (Rs) | അനുവദിച്ച അപേക്ഷകൾ (എണ്ണം) | അതിലെ ഗ്രാന്റ് (MMG) (Rs.) |
|---|---|---|---|---|
| 1. ആലപ്പുഴ | 343 | 811.95 | 159 | 391.23 |
| 2. എറണാകുളം | 575 | 1664.17 | 200 | 587.18 |
| 3. ഇടുക്കി | 391 | 790.72 | 167 | 285.95 |
| 4. കണ്ണൂർ | 248 | 584.29 | 197 | 327.12 |
| 5. കാസർകോട് | 146 | 339.25 | 107 | 238.96 |
| 6. കൊല്ലം | 291 | 600.51 | 170 | 341.46 |
| 7. കോട്ടയം | 325 | 751.35 | 148 | 344.60 |
| 8. കോഴിക്കോട് | 265 | 652.51 | 129 | 301.42 |
| 9. മലപ്പുറം | 629 | 1946.95 | 229 | 647.24 |
| 10. പാലക്കാട് | 485 | 1228.52 | 205 | 502.19 |
| 11. പത്തനംതിട്ട | 190 | 259.93 | 94 | 126.98 |
| 12. തിരുവനന്തപുരം | 570 | 1025.70 | 241 | 395.00 |
| 13. തൃശൂർ | 546 | 1314.27 | 254 | 536.60 |
| 14. വയനാട് | 147 | 337.76 | 76 | 134.26 |
| ആകെ | 515 | 12303.88 | 2376 | 5160.19 |

## 3. സംരംഭകത്വ പരിശീലനം (ഇ. ഡി. പി.)

രണ്ട് ലക്ഷം രൂപ വരെയുള്ള സ്ഥാപനങ്ങൾക്ക് ഇ. ഡി. പി. ട്രെയിനിംഗ് ആവശ്യമില്ല. നിക്ഷേപം 5 ലക്ഷത്തിൽ താഴെ ആണെങ്കിൽ 5 ദിവസത്തെ സംരംകത്വ പരിശീലനവും, അതിന് മുകളിലാണെങ്കിൽ 10 ദിവസത്തെ പരിശീലനവും നേടിയിരിക്കണം. എന്നാൽ മാത്രമേ സർക്കാർ സബ്സിഡിക്ക് അർഹത ഉണ്ടാകൂ.

## 4. സഹകരണ ബാങ്കുകളെ ഉൾപ്പെടുത്തി

വാണിജ്യ ബാങ്കുകൾക്കൊപ്പം സഹകരണ ബാങ്കുകളെക്കൂടി ബാങ്കുകളുടെ പട്ടികയിൽ



ഉൾപ്പെടുത്തി. വായ്പാ തിരിച്ചടവ് കാലാവധി 3 വർഷം മുതൽ 7 വർഷം വരെ ലഭിക്കുന്നതാണ്. ഒരു ലക്ഷം രൂപയുടെ നിക്ഷേപത്തിന് ഒരാൾക്ക് തൊഴിൽ എന്നത് മൂന്ന് ലക്ഷം രൂപ നിക്ഷേപത്തിന് എന്നാക്കി ഭേദഗതി വരുത്തി.

ഗ്രാമ– നഗര വ്യത്യാസമില്ലാതെ അപേക്ഷകൾ സ്വീകരിക്കുന്നതിന് എല്ലാ നിർവഹണ സ്ഥാപനങ്ങൾക്കും അധികാരം നൽകി. ഖാദി ബോർഡ്, ഖാദി കമ്മീഷൻ എന്നീ ഏജൻസികൾക്കും ഇനിമേൽ മുൻസിപ്പൽ പ്രദേശത്തെ അപേക്ഷകൾ കൈകാര്യം ചെയ്യാം. ഇതുവരെ ഈ അധികാരം ജില്ലാ വ്യവസായകേന്ദ്രങ്ങൾക്ക് മാത്രമായിരുന്നു.

കൂടുതൽ സംരംഭകരെ ആകർഷിക്കുവാൻ പര്യാപ്തമായ രീതിയാണ് 2008 മുതൽ നടപ്പാക്കി വന്നിരുന്ന ഈ പദ്ധതി പരിഷ്കരിച്ചിരിക്കുന്നത്.

## 5. സബ്സിഡി ഘടനയിൽ മാറ്റമില്ല

സബ്സിഡി/ മാർജിൻ മണി ഗ്രാന്റ് നിലവിലുള്ള തുപോലെ തുടരുന്നതാണ്. പൊതുവിഭാഗങ്ങൾക്ക് നഗരപ്രദേശത്ത് 15% വും, ഗ്രാമപഞ്ചായത്ത് 25% വും, പ്രത്യേക വിഭാഗങ്ങൾക്ക് (സ്ത്രീകൾ, എസ്. സി/ എസ്. റ്റി, ഒ. ബി. സി., മതന്യൂനപക്ഷങ്ങൾ, ഭിന്നശേഷിക്കാർ വിമുക്തഭടന്മാർ എന്നിവർ) നഗരപ്രദേശത്ത് 25% വും ഗ്രാമപഞ്ചായത്തിൽ 35% വും മാർജിൻ മണി ഗ്രാന്റ് ലഭിക്കുന്നു എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ആകർഷണം. ഈ തുക മൂന്ന് വർഷത്തേക്ക് എഫ്. ഡി. ആയി സൂക്ഷിക്കുകയും അതിനുശേഷം പ്രവർത്തനം വിലയിരുത്തി വായ്പാ കണക്കിലേക്ക് വരവ് വയ്ക്കുകയും ചെയ്യുന്നു. എഫ്. ഡി ക്കും ബാങ്ക് വായ്പയ്ക്കും ഒരേ പലിശ നിരക്ക് ആയിരിക്കണം എന്നും വ്യവസ്ഥയുണ്ട്.

പൊതു വിഭാഗത്തിന് 10% വും, പ്രത്യേക വിഭാഗത്തിന് 5% വുമാണ് സംരംഭകന്റെ വിഹിതം.

## 6. ഉയർന്ന പ്രായപരിധി ഇല്ല

18 വയസ്സ് പൂർത്തിയായാൽ മതി. ഉയർന്ന പ്രായപരിധി ബാധകമല്ല. 10 ലക്ഷത്തിന് മുകളിൽ വരുന്ന നിർമ്മാണ സ്ഥാപനങ്ങൾക്കും 5 ലക്ഷത്തിന് മുകളിൽ വരുന്ന സേവന സ്ഥാപനങ്ങൾക്കും എട്ടാം ക്ലാസ് പാസായിരിക്കണമെന്നതാണ് വിദ്യാഭ്യാസയോഗ്യത. പാർട്ണർഷിപ്പ്, ലിമിറ്റഡ് കമ്പനി എന്നിയ്ക്ക് വായ്പ ലഭിക്കില്ല. നേരിട്ടുള്ള കാർഷികവൃത്തി, ഫാമുകൾ, വാഹനങ്ങൾ, പുകയില, മദ്യം, മത്സ്യം, മാംസ്യം, പുകയില ടെസ്റ്റിംഗ് ലാബുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവയൊഴികെ എല്ലാ തൊഴിൽ സംരംഭങ്ങൾക്കും വായ്പ ലഭിക്കുന്നതാണ്.

## 7. വനിതകൾക്ക് 30% സംവരണം

അപേക്ഷകളിൽ വനിതകൾക്ക് 30% വും, ഒ. ബി. സി.ക്ക് 27% വും, എസ്. സി. ക്ക് 9.1 %വും, എസ്. റ്റി. ക്ക് 1.45% വും മതന്യൂന പക്ഷങ്ങൾക്ക് 5% വും, ഭിന്നശേഷിക്കാർക്ക് 3% വും പ്രത്യേക സംവരണം ഏർപ്പെടുത്തിയിരിക്കുന്നു. ഓൺലൈൻ ആയി വേണം അപേക്ഷ സമർപ്പിക്കുവാൻ (www.kvic.org.in)

## 8. കേരളത്തിന് മികച്ച നേട്ടം

പി. എം. ഇ. ജി. പി. പദ്ധതിയിൽ മികച്ച നേട്ടമാണ് കേരളത്തിന് ഉള്ളത്. 2018– 19 സാമ്പത്തിക വർഷത്തിൽ ലക്ഷ്യം കവിഞ്ഞ നേട്ടമാണ് ഉണ്ടാക്കാൻ

കഴിഞ്ഞത്.

ഏറ്റവും കൂടുതൽ പേർക്ക് വായ്പ അനുവദിച്ച് വിതരണം നടത്തിയത് തൃശൂർ ജില്ലയിലാണ്. 254 എണ്ണം. തിരുവനന്തപുരമാണ് രണ്ടാം സ്ഥാനത്ത്. 241 എണ്ണം. സബ്സിഡി വിതരണം ചെയ്തതിൽ ഒന്നാം സ്ഥാനം മലപ്പുറം ജില്ലയ്ക്കാണ്. 647.24 ലക്ഷം രൂപ, രണ്ടാം സ്ഥാനം എറണാകുളത്തിനാണ്. 587.18 ലക്ഷം രൂപ. 2376 പുതുസംരംഭങ്ങൾ 2021-22 കാലഘട്ടത്തിൽ ഈ പദ്ധതിയിലൂടെ സംസ്ഥാനത്ത് കൊണ്ടുവരാനായി എന്നതാണ് കേരളത്തിന്റെ നേട്ടം.

ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ (കെ. വി. ഐ. സി) ഖാദി ബോർഡ് (കെ. വി. ഐ. ബി), കയർ ബോർഡ്, ജില്ലാ വ്യവസായകേന്ദ്രങ്ങൾ എന്നിവ വഴിയാണ് പദ്ധതി നടപ്പാക്കി വരുന്നത്. ഖാദി കമ്മീഷനാണ് ഈ പദ്ധതിയുടെ നോഡൽ ഏജൻസി.

## 9. മികച്ച വായ്പാ പദ്ധതി

തൊഴിൽ സംരംഭകർക്ക് ഏറെ ആശ്രയിക്കാവുന്ന മികച്ച ഒരു വായ്പാ പദ്ധതിയാണ് പി. എം. ഇ. ജി. പി. ഇത്രയധികം സബ്സിഡി ആനുകൂല്യങ്ങളും, കൈത്താങ്ങ് സഹായവും നൽകുന്ന മറ്റൊരു പദ്ധതി അഖിലേന്ത്യാ തലത്തിൽ ഇല്ല എന്ന് പറയാം. 2008 മുതൽ 2018 വരെയുള്ള 10 വർഷത്തിനുള്ളിൽ 4,66,471 സംരംഭങ്ങൾ ഈ പദ്ധതിവഴി തുടങ്ങാനായി. ഇതിൽ 80% ൽ ഏറേയും പ്രവർത്തിച്ചു വരുന്നു എന്ന നേട്ടവുമുണ്ട്.

ഈ പദ്ധതിപ്രകാരം വായ്പ എടുത്ത് സംരംഭം നടത്തിക്കൊണ്ടിരിക്കുന്നവർക്ക് വിപുലീകരണത്തിനും ഇപ്പോൾ വായ്പ അനുവദിക്കുന്നതാണ്. ഒരു കോടി രൂപ വരെയാണ് ഇങ്ങനെ രണ്ടാം വായ്പയായി അനുവദിക്കുന്നത്. ഇതിന് പ്രത്യേക ലിങ്കും കെ. വി. ഐ. സി യുടെ സൈറ്റിൽ ലഭ്യമാണ്. ■

(സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടറാണ് ലേഖകൻ)







മനോജ് മാതിരപ്പള്ളി

# വൈൻ ഉത്പാദനം

## കാർഷിക-സാമ്പത്തികമേഖലകൾക്ക് നേട്ടമാകും

വിവിധയിനം പഴവർഗ്ഗങ്ങളിൽനിന്നും വൈൻ ഉത്പാദിപ്പിക്കാനുള്ള പദ്ധതിക്ക് സംസ്ഥാന സർക്കാർ അനുമതി നൽകിയതോടെ കാർഷിക-സാമ്പത്തികമേഖലകൾ വലിയ പ്രതീക്ഷയിലാണ്. ഏറെക്കാലമായി സർക്കാരിന്റെ പരിഗണനയിലുള്ളതും കാർഷികസംഘടനകൾ ആവശ്യപ്പെട്ടു വന്നിരുന്നതുമായ പദ്ധതിയാണ് ഇതോടെ യാഥാർത്ഥ്യമാകുന്നത്. ഈ രംഗത്ത് മഹാരാഷ്ട്രയും കർണാടകയും പോലെയുള്ള അന്യസംസ്ഥാനങ്ങൾ കൈവരിക്കുന്ന വരുമാനത്തിന്റെ ഒരുവിഹിതം ഇനിമുതൽ കേരളത്തിനും സ്വന്തമാക്കാൻ കഴിയുമെന്ന് കണക്കാക്കപ്പെടുന്നു. പഴവർഗ്ഗങ്ങളിൽനിന്നുള്ള വൈൻ ഉത്പാദനം സംബന്ധിച്ച് എക്സൈസ് വകുപ്പിന്റെ ചട്ടങ്ങൾക്ക് നിയമവകുപ്പിന്റെ അംഗീകാരം ലഭിച്ചതോടെയാണ് പദ്ധതിക്ക് സർക്കാർ അനുമതി നൽകിയത്.

ഇതുമായി ബന്ധപ്പെട്ട ഫയൽ നിയമസഭ സബ്ജക്ട് കമ്മിറ്റി കൂടി പരിശോധിച്ച ശേഷമായിരിക്കും ഉത്തരവിറങ്ങുക. പുതിയ

> പഴങ്ങളുടെ നീരെടുക്കാനുള്ള സൗകര്യവും ഇത് സംസ്കരിച്ച് പുളിപ്പിച്ചെടുക്കാനുള്ള മുറിയും ഓരോ യൂണിറ്റിനും ഉണ്ടാവണം. ഇതിനുപുറമെ ബോട്ടിലിംഗ് സൗകര്യവും വൈൻ സ്റ്റോക്ക് ചെയ്യാനുള്ള സംവിധാനവും ഉറപ്പാക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രമെ വൈൻ നിർമ്മാണത്തിന് ലൈസൻസ് അനുവദിക്കുകയുള്ളൂ.

ചട്ടങ്ങൾ തയ്യാറാക്കുമ്പോൾ നിയമസഭാ സബ്ജക്ട് കമ്മിറ്റിയെ അറിയിക്കണമെന്ന നിർദ്ദേശമുള്ളതിനാലാണ് തുടർനടപടികളിൽ നേരിയ കാലതാമസം ഉണ്ടാകുന്നത്. ഉത്തരവ് പുറത്തിറങ്ങുന്നതോടെ പഴവർഗ്ഗങ്ങളിൽനിന്നുള്ള വൈൻ ഉത്പാദനം യാഥാർത്ഥ്യമാക്കാൻ നടപടികൾ ആരംഭിക്കും. എക്സൈസ് കമ്മീഷണറുടെ നിർദ്ദേശപ്രകാരം കൃഷിവകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ ചെയർമാനും ഭക്ഷ്യസുരക്ഷാവകുപ്പ് അസിസ്റ്റന്റ് കമ്മീഷണറും ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് ഇൻസ്പെക്ടറും പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എൻജിനീയറും അംഗങ്ങളായ കമ്മിറ്റിയുടെ ശുപാർശയനുസരിച്ചാവും ഓരോ യൂണിറ്റിനും ലൈസൻസ് നൽകുക.

പഴങ്ങളുടെ നീരെടുക്കാനുള്ള സൗകര്യവും ഇത് സംസ്കരിച്ച് പുളിപ്പിച്ചെടുക്കാനുള്ള മുറിയും ഓരോ യൂണിറ്റിനും ഉണ്ടാവണം. ഇതിനുപുറമെ ബോട്ടിലിംഗ് സൗകര്യവും വൈൻ സ്റ്റോക്ക് ചെയ്യാനുള്ള സംവിധാനവും ഉറപ്പാക്കുന്ന സ്ഥാപനങ്ങൾക്ക് മാത്രമെ വൈൻ നിർമ്മാണത്തിന് ലൈസൻസ് അനുവദിക്കുകയുള്ളൂ. പ്രതിവർഷം അമ്പതിനായിരം രൂപയാണ് ഇപ്പോൾ ലൈസൻസ് ഫീസായി നിശ്ചയിച്ചിരിക്കുന്നത്. ഓരോ വർഷവും ലൈസൻസ്





നിലവിൽ വൈൻ ഉത്പാദനയൂണിറ്റുകളൊന്നും കേരളത്തിൽ പ്രവർത്തിക്കുന്നില്ല. എന്നാൽ ചക്കപ്പഴം, പൈനാപ്പിൾ എന്നിവയിൽനിന്നുള്ള വൈൻ ഉത്പാദനത്തിന് കേരളത്തിൽ വലിയ സാധ്യതയാണ് നിലനിൽക്കുന്നത്. സ്വാഭാവികമായും വൈൻ ഉത്പാദനത്തിന്റെ തുടക്കത്തിൽ കൂടുതൽ പ്രാധാന്യം ലഭിക്കുന്നതും ഈ മേഖലകൾക്കാവും.

പുതുക്കി നൽകാനുള്ള അധികാരം എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർക്കായിരിക്കും. എക്സൈസ് വകുപ്പിന്റെ ചട്ടത്തിൽ പറയുന്ന അടിസ്ഥാനസൗകര്യങ്ങൾ പ്രസ്തുത യൂണിറ്റിനുണ്ടെന്ന് ഉറപ്പാക്കിയ ശേഷമായിരിക്കും വീണ്ടും ലൈസൻസ് പുതുക്കി നൽകുക.

കേരളത്തിലെ സാധ്യതകൾ

നിലവിൽ വൈൻ ഉത്പാദനയൂണിറ്റുകളൊന്നും കേരളത്തിൽ പ്രവർത്തിക്കുന്നില്ല. എന്നാൽ ചക്കപ്പഴം, പൈനാപ്പിൾ എന്നിവയിൽനിന്നുള്ള വൈൻ ഉത്പാദനത്തിന് കേരളത്തിൽ വലിയ സാധ്യതയാണ് നിലനിൽക്കുന്നത്. സ്വാഭാവികമായും വൈൻ ഉത്പാദനത്തിന്റെ തുടക്കത്തിൽ കൂടുതൽ പ്രാധാന്യം ലഭിക്കുന്നതും ഈ മേഖലകൾക്കാവും.

അഗ്രികൾച്ചറൽ ആൻഡ് പ്രോസസ്ഡ് ഫുഡ് പ്രോഡക്ട്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റിയുടെ (അപെഡ്) കണക്കുകൾപ്രകാരം ചക്ക ഉത്പാദനത്തിൽ കേരളത്തിന് രാജ്യത്ത് രണ്ടാംസ്ഥാനമുണ്ട്. പ്രതിവർഷം 2.63 ലക്ഷം ടൺ ചക്ക വിളവെടുക്കുന്ന കേരളം ദേശീയ ഉത്പാദനത്തിന്റെ പതിനാലു ശതമാനത്തിലധികം സംഭാവന ചെയ്യുന്നു. ഒഢീസ മാത്രമാണ് ഈ രംഗത്ത് കേരളത്തിന് മുന്നിൽ നിൽക്കുന്ന ഒരേയൊരു ഇന്ത്യൻ സംസ്ഥാനം.

ദേശീയതലത്തിലുള്ള പൈനാപ്പിൾ ഉത്പാദനത്തിൽ കേരളത്തിന് എട്ടാംസ്ഥാനമാണ് ഉള്ളതെങ്കിലും ഇവിടുത്തെ വിപണി ശക്തമാണ്. ഓരോ വർഷവും 85,500 ടൺ പൈനാപ്പിൾ വിളവെടുക്കുന്ന കേരളം ഈ രംഗത്തെ ദേശീയ ഉത്പാദനത്തിന്റെ

ആറുശതമാനം കയ്യടക്കിവെച്ചിരിക്കുന്നു. സ്വാഭാവികമായും ചക്കപ്പഴം, പൈനാപ്പിൾ എന്നിവയിൽനിന്നുള്ള വൈൻ ഉത്പാദനത്തിൽ മികച്ച നേട്ടം കൈവരിക്കാൻ കേരളത്തിന് കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. ഇതിനകം തന്നെ പൈനാപ്പിളിൽനിന്നും വൈൻ ഉത്പാദിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി പൊതുമേഖലാസ്ഥാപനമായ വാഴക്കുളം അഗ്രോ ആൻഡ് ഫ്രൂട്ട് പ്രോസസിംഗ് കമ്പനി ലിമിറ്റഡ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിലെ മൂവാറ്റുപുഴയ്ക്കടുത്തുള്ള വാഴക്കുളം കേന്ദ്രീകരിച്ചാവും കമ്പനി വൈൻ ഉത്പാദനം ആരംഭിക്കുക.

ഇതിനുപുറമെ കശുമാങ്ങ, ജാതിക്കയുടെ തൊണ്ട് എന്നിവയിൽനിന്നൊക്കെ വൈൻ ഉത്പാദിപ്പിക്കുന്നതിനുള്ള വലിയ സാധ്യതകളും കേരളത്തിൽ നിലനിൽക്കുന്നുണ്ട്. നിലവിൽ സംസ്ഥാനത്തെ വാർഷിക കശുമാങ്ങ ഉത്പാദനമായ രണ്ടുലക്ഷത്തോളം ടണ്ണിന്റെ പകുതിയിൽ അധികവും ഇപ്പോൾ പാഴായി പോവുകയാണ്. ജാതിക്കയുടെ തൊണ്ടാണെങ്കിൽ ഏറെക്കുറെ പൂർണ്ണമായും ഉപയോഗശൂന്യമാകുന്നു. 'നമ്മുടെ നാട്ടിൽ പാഴായിപ്പോകുന്ന കാർഷികോത്പന്നങ്ങൾ മാത്രം വൈൻ ഉത്പാദനത്തിനായി ഉപയോഗിച്ചാൽ പോലും ഓരോ വർഷവും കോടിക്കണക്കിന് രൂപയുടെ വരുമാനം ലഭിക്കും. കർഷകർക്കും ഇത് വലിയ നേട്ടമാകും. രാജ്യത്തെ മറ്റു പല സംസ്ഥാനങ്ങളിലും പഴവർഗ്ഗങ്ങളിൽനിന്നുള്ള വൈൻ ഉത്പാദനം ലാഭകരമായി മുന്നോട്ടു കൊണ്ടുപോകുന്ന സാഹചര്യത്തിൽ കേരളം മാത്രം പിന്തിരിഞ്ഞുനിന്നിട്ട് കാര്യമില്ല. ഇത്തരം തീരുമാനങ്ങൾക്ക് പൊതുസമൂഹത്തിന്റെ പിന്തുണയാണ് ആവശ്യം. കാലത്തിനൊപ്പം മാറാൻ നമ്മളും തയ്യാറാവണം'; ഹൈറേഞ്ചിലെ ഒരു കാർഷികോത്പാദക കമ്പനിയുടെ പ്രതിനിധിയായ ജോജോ ഏബ്രഹാം പറയുന്നു.

## ഇന്ത്യയിലെ വൈൻ ഉത്പാദനം

രാജ്യത്തെ വൈൻ വിപണിയിൽ ഓരോ വർഷവും പന്ത്രണ്ടായിരം കോടി രൂപയുടെയെങ്കിലും കച്ചവടം നടക്കുന്നതായാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്. ഇതിന്റെ നല്ലൊരു വിഹിതവും ആഭ്യന്തരതലത്തിൽ തന്നെ ഉത്പാദിപ്പിക്കപ്പെടുന്നവയാണ്. രാജ്യത്തെ അഞ്ചു പ്രധാനപ്പെട്ട വൈൻ ഉത്പാദക മേഖലകളും മഹാരാഷ്ട്ര, കർണാടക എന്നീ സംസ്ഥാനങ്ങളിൽ സ്ഥിതിചെയ്യുന്നു. നാസിക്, പൂനെ എന്നിവയാണ് മഹാരാഷ്ട്രയിലെ പ്രധാനപ്പെട്ട വൈൻ ഉത്പാദനകേന്ദ്രങ്ങൾ. രാജ്യത്ത് ആകെയുള്ള വൈൻ ഉത്പാദനകേന്ദ്രങ്ങളുടെ അറുപത്തഞ്ച് ശതമാനവും മഹാരാഷ്ട്രയിലാണ്. ബംഗലൂരു, ഹംപി ഹിൽസ്, ബീജാപൂർ എന്നിങ്ങനെ മൂന്നു വൈൻ ഉത്പാദനകേന്ദ്രങ്ങളുള്ള കർണാടക ഈ രംഗത്ത് രണ്ടാംസ്ഥാനത്ത് നിൽക്കുന്നു.

കർഷകകൂട്ടായ്മകളുടെ നേതൃത്വത്തിലാണ് ഇപ്പോൾ പല സംസ്ഥാനങ്ങളിലും വാണിജ്യാടിസ്ഥാനത്തിലുള്ള വൈൻ ഉത്പാദനം നടക്കുന്നത്. ഈ മേഖലയിൽ നേട്ടമുണ്ടാക്കുന്ന സംസ്ഥാനങ്ങളെല്ലാം ഇക്കാര്യത്തിൽ മുന്നിലുണ്ട്. പല സ്ഥലങ്ങളിലും സംസ്കരണശാലകൾക്ക് സർക്കാർ കൂടുതൽ ഇളവുകൾ നൽകുകയും പുതിയ സ്ഥാപനങ്ങൾ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കുകയും ചെയ്തതോടെയാണ് കർഷക കൂട്ടായ്മകളും നേരിട്ട് വൈനുത്പാദനം ആരംഭിച്ചത്. വൈൻ ഉത്പാദിപ്പിക്കുന്നതിനുള്ള നയങ്ങളിൽ മാറ്റം വന്നതോടെ മുന്തിരികൃഷിയും അനുബന്ധവ്യവസായവും കൂടുതൽ ലാഭകരമാവുകയും ചെയ്തു.

കർഷകകൂട്ടായ്മകളുടെ നേതൃത്വത്തിലാണ് ഇപ്പോൾ പല സംസ്ഥാനങ്ങളിലും വാണിജ്യാടിസ്ഥാനത്തിലുള്ള വൈൻ ഉത്പാദനം നടക്കുന്നത്. ഈ മേഖലയിൽ നേട്ടമുണ്ടാക്കുന്ന സംസ്ഥാനങ്ങളെല്ലാം ഇക്കാര്യത്തിൽ മുന്നിലുണ്ട്. പല സ്ഥലങ്ങളിലും സംസ്കരണശാലകൾക്ക് സർക്കാർ കൂടുതൽ ഇളവുകൾ നൽകുകയും പുതിയ സ്ഥാപനങ്ങൾ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കുകയും ചെയ്തതോടെയാണ് കർഷക കൂട്ടായ്മകളും നേരിട്ട് വൈനുത്പാദനം ആരംഭിച്ചത്. വൈൻ ഉത്പാദിപ്പിക്കുന്നതിനുള്ള നയങ്ങളിൽ മാറ്റം വന്നതോടെ മുന്തിരികൃഷിയും അനുബന്ധവ്യവസായവും കൂടുതൽ

ഇന്നിപ്പോൾ ഇന്ത്യൻ വിപണിയിൽ ആവശ്യമായ വൈനിന്റെ മൂന്നിലൊന്നും ആഗോളവിപണിയിൽനിന്നും ഇറക്കുമതി നടത്തുകയാണ് ചെയ്യുന്നത്. സിംഗപ്പൂർ, ഓസ്ട്രേലിയ, ഫ്രാൻസ്, ഇറ്റലി, ചിലി, അമേരിക്ക, സ്പെയിൻ, യുഎഇ, ന്യൂസിലൻഡ്, ദക്ഷിണാഫ്രിക്ക എന്നീ രാജ്യങ്ങളെയാണ് ഇതിനായി പ്രധാനമായും ആശ്രയിക്കുന്നത്. ഇത്തരത്തിൽ ഓരോ വർഷവും 28.38 മില്യൺ യൂ.എസ്. ഡോളറിന്റെ വൈൻ ഇറക്കുമതി നടക്കുന്നതായി കണക്കാക്കപ്പെടുന്നു. കോവിഡ് പ്രതിസന്ധിയെ തുടർന്നുണ്ടായ ലോക്ഡൗൺ ഉൾപ്പെടെയുള്ള കാര്യങ്ങളാൽ നമ്മുടെ വിപണി തിരിച്ചടി നേരിട്ടതിന് മുൻപുള്ള കണക്കാണിത്.

ലാഭകരമാവുകയും ചെയ്തു. ഇത്തരമൊരു സ്ഥിതിയിലേക്ക് നീങ്ങാനുള്ള അനുകൂലസാഹചര്യമാണ് ഇപ്പോൾ കേരളത്തിലും രൂപപ്പെട്ടിരിക്കുന്നത്.

മറ്റു സംസ്ഥാനങ്ങളിൽ നിലവിലുള്ള വൈൻ ഉത്പാദനകേന്ദ്രങ്ങളിലെല്ലാം അസംസ്കൃതവസ്തുവായി ഉപയോഗിക്കുന്ന പഴവർഗ്ഗം പ്രധാനമായും മുന്തിരിയാണ്. കേരളത്തിലേക്ക് ആവശ്യമായ മുന്തിരിവൈനും മഹാരാഷ്ട്രയും കർണാടകയും ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽനിന്നാണ് ഇപ്പോൾ എത്തുന്നത്. ഇങ്ങനെയൊരു സാഹചര്യത്തിൽ ചക്കപ്പഴത്തിൽനിന്നും പൈനാപ്പിളിൽനിന്നും ഉത്പാദിപ്പിക്കുന്ന വൈൻ ഇവിടെ വ്യാപകമാകാൻ സർക്കാരിന്റെ പുതിയ തീരുമാനം സഹായകമാകും. മാത്രവുമല്ല, ആഭ്യന്തര ഉപഭോഗത്തിന് ആവശ്യമായതിൽ അധികം ചക്കപ്പഴം-പൈനാപ്പിൾ വൈൻ ഇവിടെ ഉത്പാദിപ്പിക്കാനും സാധിച്ചേക്കും. അതുകൊണ്ടുതന്നെ, ഉത്തരേന്ത്യൻ വിപണിയിലേക്ക് ഇവ കയറ്റുമതി ചെയ്യുന്നതിലൂടെ കേരളത്തിന് മോശമല്ലാത്ത വരുമാനം ലഭിക്കുമെന്ന കാര്യത്തിലും സംശയമില്ല.

ഇന്നിപ്പോൾ ഇന്ത്യൻ വിപണിയിൽ ആവശ്യമായ വൈനിന്റെ മൂന്നിലൊന്നും ആഗോളവിപണിയിൽനിന്നും ഇറക്കുമതി നടത്തുകയാണ് ചെയ്യുന്നത്. സിംഗപ്പൂർ, ഓസ്ട്രേലിയ, ഫ്രാൻസ്, ഇറ്റലി, ചിലി, അമേരിക്ക, സ്പെയിൻ, യുഎഇ, ന്യൂസിലൻഡ്, ദക്ഷിണാഫ്രിക്ക എന്നീ രാജ്യങ്ങളെയാണ് ഇതിനായി പ്രധാനമായും ആശ്രയിക്കുന്നത്. ഇത്തരത്തിൽ ഓരോ വർഷവും 28.38 മില്യൺ യൂ.എസ്. ഡോളറിന്റെ വൈൻ ഇറക്കുമതി നടക്കുന്നതായി കണക്കാക്കപ്പെടുന്നു. കോവിഡ് പ്രതിസന്ധിയെ തുടർന്നുണ്ടായ ലോക്ഡൗൺ ഉൾപ്പെടെയുള്ള കാര്യങ്ങളാൽ നമ്മുടെ വിപണി തിരിച്ചടി നേരിട്ടതിന് മുൻപുള്ള കണക്കാണിത്. ഓരോ വർഷവും ഇവിടുത്തെ വൈൻ ഉപഭോഗത്തിൽ 20 മുതൽ 25 ശതമാനത്തിന്റെയെങ്കിലും വളർച്ചയുണ്ടാകുന്നതായും വിലയിരുത്തപ്പെടുന്നു.

## പുതിയ ചട്ടത്തിലെ വ്യവസ്ഥകൾ

കേരളത്തിൽ വ്യക്തികൾക്കും കൂട്ടായ്മകൾക്കും പഴവർഗ്ഗങ്ങളിൽനിന്നുള്ള വൈൻ ഉത്പാദനയൂണിറ്റുകൾ ആരംഭിക്കുന്നതിന് തടസ്സമില്ല. ഇതിന് ആഗ്രഹിക്കുന്ന വ്യക്തി എക്സൈസ് വകുപ്പുമായി നേരിട്ട് കരാറിൽ ഏർപ്പെടണമെന്ന് കഴിഞ്ഞ ഏപ്രിൽ മാസത്തിൽ തയ്യാറായ, ഇതുമായി ബന്ധപ്പെട്ട ചട്ടങ്ങളിൽ പറയുന്നു. പുതിയ ഉത്പാദനകേന്ദ്രം ആരംഭിക്കാൻ ലൈസൻസ് അനുവദിച്ചതായി അറിയിപ്പ് കിട്ടിക്കഴിഞ്ഞാൽ പത്തുദിവസത്തിനകമാണ് കരാർ ഒപ്പുവെക്കേണ്ടത്. ഇല്ലെങ്കിൽ ലൈസൻസ് റദ്ദാകും. മാത്രവുമല്ല, ഇതിനായി അടച്ച ഫീസ് തിരികെ നൽകുന്നതല്ലെന്നും ചട്ടത്തിലുണ്ട്.

ലൈസൻസ് ലഭിക്കുന്നതിനായി വിവിധ രേഖകളും സമർപ്പിക്കേണ്ടതാണ്. വൈൻ ഉത്പാദന കേന്ദ്രം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ മുഴുവൻ വിവരങ്ങൾ, വൈൻ നിർമ്മാണത്തിന് ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ, അവയുടെ ലഭ്യത, മറ്റു സാങ്കേതികവിവരങ്ങൾ, അപേക്ഷകന്റെ സാമ്പത്തികാവസ്ഥ തുടങ്ങിയവ വ്യക്തമാക്കുന്ന രേഖകളാണ് ഇതോടൊപ്പം നൽകേണ്ടത്. വൈൻ ഉത്പാദനകേന്ദ്രവും അതുമായി ബന്ധപ്പെട്ട വസ്തുവകകളും സർക്കാരിന് ഈടുനൽകണമെന്നും ചട്ടത്തിൽ പറയുന്നു. ഈ മേഖലയിൽ ഗുണമേന്മയും




നിലവാരവും ഉറപ്പുവരുത്തുന്നതിനാണ് ഇത്തരമൊരു നടപടി.

കേരള വൈനറി റൂൾസ് പ്രകാരമാവും ഓരോ വൈൻ ഉത്പാദനകേന്ദ്രത്തിന്റെയും പ്രവർത്തനം. നിലവിൽ ഉത്സവാഘോഷങ്ങളുടെയും മറ്റും ഭാഗമായി പ്രാദേശികതലത്തിൽ വീടുകളിലും മറ്റും നിർമ്മിക്കപ്പെടുന്ന വൈനുകൾ വിപണിയിൽ എത്തുന്നുണ്ട്. എന്നാൽ, സർക്കാരിന്റെ അനുമതിയില്ലാത്തതിനാൽ ഇവയെല്ലാം നിയമവിരുദ്ധമായി പ്രവർത്തിക്കുന്നവയാണ്. ഇത്തരം നിയമവിരുദ്ധ വൈൻഉത്പാദനം തടയുന്നതിനും ഗുണമേന്മയുള്ള പുതിയ ഉത്പന്നം വിപണിയിലെത്തുന്നതിനും പുതിയ സർക്കാർ തീരുമാനത്തിലൂടെ സാധിക്കും.

തുടക്കത്തിൽ ചക്ക, പൈനാപ്പിൾ, ജാതിത്തൊണ്ട് എന്നിവയ്ക്കാണ് മുൻഗണന നൽകുന്നതെങ്കിലും പിന്നീട് വാഴപ്പഴം, മാമ്പഴം എന്നിവയെയും പരിഗണിക്കാവുന്നതാണ്. കാർഷികോത്പന്നങ്ങളിൽനിന്നുള്ള മൂല്യവർദ്ധിത ഉത്പന്നനിർമ്മാണം വ്യാപകമാകുന്നതോടെ കേരളത്തിലെ എല്ലാ ജില്ലകളിലുമുള്ള കർഷകർക്ക് ഇതിന്റെ നേട്ടമുണ്ടാകും. ഇതോടൊപ്പം പഴവർഗ്ഗങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളും നടപ്പാക്കും. ഇത്തവണത്തെ ബജറ്റിൽ തന്നെ ഇതിനായി 18.92 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ■

കേരള വൈനറി റൂൾസ് പ്രകാരമാവും ഓരോ വൈൻ ഉത്പാദനകേന്ദ്രത്തിന്റെയും പ്രവർത്തനം. നിലവിൽ ഉത്സവാഘോഷങ്ങളുടെയും മറ്റും ഭാഗമായി പ്രാദേശികതലത്തിൽ വീടുകളിലും മറ്റും നിർമ്മിക്കപ്പെടുന്ന വൈനുകൾ വിപണിയിൽ എത്തുന്നുണ്ട്. എന്നാൽ, സർക്കാരിന്റെ അനുമതിയില്ലാത്തതിനാൽ ഇവയെല്ലാം നിയമവിരുദ്ധമായി പ്രവർത്തിക്കുന്നവയാണ്.



## 42

ജി. കൃഷ്ണപിള്ള

# പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കലും വിലയിരുത്തലും

## [PROJECT REPORT PREPARATION & APPRAISAL]

പ്രോജക്ട് പ്രൊപ്പസലിന് സാമ്പത്തിക സഹായങ്ങൾ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ നിർവഹിക്കുന്നതിനാവശ്യമായ വിവരങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള അടിസ്ഥാന രേഖകളിലൊന്നാണ് പ്രോജക്ട് റിപ്പോർട്ട്. സാമ്പത്തിക സ്ഥാപനങ്ങൾക്ക് പ്രോജക്ടിനെ വിലയിരുത്താനാവശ്യമായ പൂർണ്ണ വിവരങ്ങളുടെ ചട്ടക്കൂട് (Frame) എന്ന രൂപത്തിലായിരിക്കണം പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കേണ്ടത്. തിരക്കേറിയ ബാങ്കുകൾ പോലെയുള്ള ധനകാര്യ സ്ഥാപനങ്ങളുടെ സമയവും ഊർജ്ജവും ലാഭിക്കാൻ നല്ല രീതിയിൽ തയ്യാറാക്കുന്ന പ്രോജക്ട് റിപ്പോർട്ടുകൾക്ക് കഴിയും. കൂടാതെ സംരംഭകന് ബാങ്കിന്റെ ഭാഗത്ത് നിന്നുമുണ്ടാകുന്ന സംശയങ്ങളും അവ്യക്തതകളും പരിഹരിക്കുവാൻ നല്ല രീതിയിൽ തയ്യാറാക്കുന്ന പ്രോജക്ട് റിപ്പോർട്ടുകൾക്ക് കൊണ്ട് കഴിയും.

സാധാരണയായി പ്രോജക്ട് റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഘടകങ്ങൾ:-

1. പൊതുവിവരങ്ങൾ
2. പ്രോജക്ട് വിവരണം
3. മൂലധന ചെലവും ധനാഗമ സ്രോതസ്സും
4. പ്രവർത്തന മൂലധനം
5. വിപണി സാധ്യത
6. സാമൂഹ്യ- സാമ്പത്തിക ഘടകങ്ങൾ



പ്രോജക്ട് റിപ്പോർട്ടിന്റെ വിവരണത്തിനുശേഷം യന്ത്രങ്ങൾ, ഉൽപാദന ചെലവ്, തൊഴിലാളികളുടെയും ഓഫീസ് ജീവനക്കാരുടെയും വിവരങ്ങൾ, ലാഭസാധ്യത സ്റ്റേറ്റ്മെന്റുകൾ, ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ്, പ്രോജക്റ്റഡ് ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ഉണ്ടായിരിക്കും.

## 1. ആമുഖം (Introduction)

പ്രോജക്ടിന്റെ സാങ്കേതിക- സാമ്പത്തിക മാനേജീരിയൽ ഉൾപ്പെടെയുള്ള എല്ലാ ഘടകങ്ങളും വിലയിരുത്തുന്നതാണ് ക്രമമായ പ്രോജക്ട് വിലയിരുത്തലിന്റെ ലക്ഷ്യം. പ്രോജക്ടിന്റെ ശക്തി-ദൗർബല്യങ്ങളെ (Strength and weakness) പ്രോജക്ട് വിലയിരുത്തുമ്പോൾ പരാമർശിക്കേണ്ടതാണ്.

## 2. കടം വാങ്ങുന്നയാൾ (Borrower)

കടം വാങ്ങുന്നയാളിന്റെ അച്ചടക്കം, പശ്ചാത്തലം, പരിചയം എന്നിവ പരിശോധിയ്ക്കപ്പെടും. സാങ്കേതികവും ഭരണപരവുമായ കാര്യങ്ങളിലുള്ള കഴിവ് പരിഗണിക്കും. കടം വാങ്ങുന്നയാളിന് ഉണ്ടായിരുന്ന മുൻകാല ഇടപാടുകൾ പരിശോധിക്കപ്പെടും.

ഉദാ:- CIBIL RATE


## 3. ഉൽപന്നം- പ്രക്രിയ (Product- Process)

ഉപഭോക്താവിന്റെ ഉപയുക്തതയും (Consumer's utility) വ്യവസായിക സ്വീകാര്യതയും (Industrial application) ഉൽപന്നത്തിന്റെ സാധ്യതകൾ തീരുമാനിക്കും. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുമ്പോൾ ഉൽപാദന പ്രക്രിയയുടെ വിവിധ ഘട്ടങ്ങളെ സംബന്ധിച്ച ഫ്ളോ ചാർട്ട് (Flow chart) ഉൾപ്പെടുത്തേണ്ടതാണ്.

## 4. വിപണി (Market)

പുതിയതായി ഒരു സംരംഭം ആരംഭിയ്ക്കുമ്പോൾ വിപണി വിശകലനം/ പഠനം (Market Analysis/ Market study) നടത്തേണ്ടതാണ്. ഏത് ഉപഭോക്താക്കൾക്കാണ് ഉൽപന്നങ്ങൾ വിൽപന നടത്തുന്നതെന്ന് മനസ്സിലാക്കുവാൻ വിപണി വിശകലനം/ വിപണി പഠനം സഹായിക്കുന്നു. സംരംഭത്തിന്റെ വിപണി പ്രദേശം (Market segment) ഗ്രാമം/ നഗരം/ വ്യവസായിക മേഖലകളിലാണോ സ്ഥിതി ചെയ്യുന്നതെന്ന് മനസ്സിലാക്കണം. ഒരേ തരത്തിലുള്ള രണ്ട് സംരംഭങ്ങൾ ഉണ്ടെങ്കിൽ മറ്റേ

പ്രോജക്ട് റിപ്പോർട്ടിന്റെ വിവരണത്തിനുശേഷം യന്ത്രങ്ങൾ, ഉൽപാദന ചെലവ്, തൊഴിലാളികളുടെയും ഓഫീസ് ജീവനക്കാരുടെയും വിവരങ്ങൾ, ലാഭസാധ്യത സ്റ്റേറ്റ്മെന്റുകൾ, ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ്, പ്രോജക്റ്റഡ് ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ഉണ്ടായിരിക്കും.




സംരംഭം ഉൽപന്നം വിൽപന നടത്തുവാൻ വേണ്ടി എന്തെല്ലാം വായ്പ വ്യവസ്ഥകൾ വാഗ്ദാനം ചെയ്യുന്നതെന്നുള്ള കാര്യങ്ങൾ പരിഗണിയ്ക്കുകയും പരിശോധിയ്ക്കുകയും വേണം. മത്സര വിപണിയാണെങ്കിൽ ഒരു സംരംഭം വിൽപന നടത്തുന്ന ഉൽപന്നങ്ങളുടെ വില, ഗുണമേന്മ, കൃത്യമായ ഡെലിവറി, വിൽപനനാന്തര സേവനം (After sale Service) എന്നിവയിലുള്ള മത്സര മേന്മ (Competitive advantage) കൂടി പരസ്പരം അറിയണം.

## 5. സ്ഥാനം (Location)

ഒരു സംരംഭം സ്ഥാപിയ്ക്കുന്നതിനുള്ള സ്ഥാനം/ സ്ഥലം തെരഞ്ഞെടുക്കുമ്പോൾ പരിഗണിക്കേണ്ട ഘടകങ്ങൾ:-

1. ഗതാഗത സൗകര്യങ്ങളുടെ ലഭ്യത

2. വിപണിയുടെയും അസംസ്കൃത വസ്തുക്കളുടെയും സാമീപ്യം

3. ഭൂമിയുടെ വില

4. വിദഗ്ദ്ധ തൊഴിലാളികളുടെ ലഭ്യത

5. വൈദ്യുതി, ജലം, സർക്കാർ പ്രോത്സാഹന പദ്ധതികൾ എന്നിയുടെ ലഭ്യത

## 6. മറ്റ് അടിസ്ഥാന സൗകര്യങ്ങളും (Other Infrastructure)

ഭൂമിയുടെ അളവ്, കെട്ടിടത്തിന്റെ വിസ്തീർണം എന്നിവ ഭാവി ആവശ്യങ്ങൾക്ക് അനുയോജ്യമാണോയെന്ന് പരിശോധിയ്ക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ് (PCB), ഫയർ ആന്റ് റെസ്ക്യൂ എന്നിവയുടെ അനുമതി ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കണം. ലഭിച്ചിട്ടില്ലാത്ത പക്ഷം കെ-സ്വിഫ്റ്റ് (K- Swift) വഴി അക്നോളജ്മെന്റ് ലഭിക്കുന്ന സംരംഭമാണോയെന്ന് വിലയിരുത്തണം.

## 7. യന്ത്രങ്ങൾ (Machinery)

യന്ത്രങ്ങൾ തെരഞ്ഞെടുക്കുന്നത് നിർണ്ണായകമാണ്. ഉൽപന്നങ്ങളുടെ സ്വഭാവം, ഉപയോഗം എന്നിവയെ അടിസ്ഥാനമാക്കിയിരിക്കണം യന്ത്രങ്ങളും സാങ്കേതിക വിദ്യയും തെരഞ്ഞെടുക്കേണ്ടത്. യന്ത്രങ്ങളുടെ പേരുകൾ, നിർമ്മാണം, വില, സപ്ലൈയേഴ്സിന്റെ വിവരങ്ങൾ എന്നിവ പരിശോധന വിധേയമാക്കണം. ഇറക്കുമതി ചെയ്യുന്ന യന്ത്രങ്ങളുടെ കാര്യത്തിൽ സ്പെയർ പാർട്സ് ലഭ്യത, വിൽപനാനന്തര സേവനം എന്നിവ ഉറപ്പായും പരിഗണിക്കേണ്ടതാണ്.

## 8. യൂട്ടിലിറ്റീസ് (Utilities)

(എ) ഇന്ധന ലഭ്യതയും തരവും

(ബി) ജലം ലഭ്യമാക്കുന്നതിന് പൈപ്പ്ലൈൻ ലഭ്യത

(സി) റെഫ്രിജറേഷൻ & എ. സി

(ഡി) വേസ്റ്റ് മാനേജ്മെന്റ്)

(ഇ) ഗതാഗതം, HT- LTപവർ ലൈൻ ലഭ്യത

## 9. രജിസ്ട്രേഷൻ, അനുമതി, ലൈസൻസ് (Registration Permission & License)

സംരംഭം തുടങ്ങുന്നതിനുള്ള ഉദ്യം രജിസ്ട്രേഷൻ, കെട്ടിടം പണിയുന്നതിനുള്ള അനുമതി, തുടങ്ങുന്നതിനുള്ള ലൈസൻസ് എന്നിവ ലഭിക്കുവാൻ സാധ്യതയുണ്ടോയെന്ന് വിലയിരുത്തണം. 5 HP താഴെ വൈദ്യുതി ആവശ്യമുള്ളതും 10 ലക്ഷം രൂപാവരെ നിക്ഷേപമുള്ളതും ചുവപ്പ് വിഭാഗത്തിലുൾപ്പെടാത്ത സംരംഭങ്ങൾക്ക് 3 വർഷത്തേയ്ക്ക് ലൈസൻസുകളാവശ്യമില്ലായെന്നുള്ളത് പ്രോജക്ട് റിപ്പോർട്ട് വിലയിരുത്തുമ്പോൾ പരിഗണിക്കേണ്ടതാണ്.




## 10. അസംസ്കൃത വസ്തുക്കൾ (Raw materials)

വളരെ ആദായകരമായ വിലയിൽ ദീർഘനാള ത്തേയ്ക്ക് അസംസ്കൃത വസ്തുക്കൾ, സ്പെയർ പാർട്സുകൾ ലഭ്യമാകുമോയെന്ന് പ്രോജക്ട് വിലയിരുത്തുമ്പോൾ പരിഗണനയിലുണ്ടാകണം. അസംസ്കൃത വസ്തുക്കളുടെ വ്യത്യസ്തമായ സ്രോതസ്സുകളിൽ നിന്നുമുള്ള ലഭ്യത, സാമീപ്യം എന്നിവ സംരംഭത്തിന് ഗുണകരമാകും. സംരംഭത്തിന്റെ പ്രവർത്തനം മുടക്കം കൂടാതെ നടക്കുന്നതിന് അസംസ്കൃത വസ്തുവിന്റെ ഏറ്റവും കുറഞ്ഞതും ലാഭകരവുമായ അളവ് (Economic order quantity) സംഭരിച്ച് വയ്ക്കുന്നത് ഗുണകരമാകും.

> അസംസ്കൃത വസ്തുക്കളുടെ ഗുണമേന്മ, ഉൽപാദന പ്ര ക്രിയയിലുണ്ടാകുന്ന തടസ്സം, വൈദ്യുതി ക്ഷാമം, റിപ്പയറിംഗ്, ബ്രേക്ക് ഈവൻ എന്നിവയെല്ലാം ഉൽപാദന ശേഷിയെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്.

## 11. ശേഷി (Capacity)

യന്ത്രങ്ങൾക്ക് പരമാവധി എത്ര അളവിൽ ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുവാൻ ശേഷിയുണ്ടെന്ന് വിലയിരുത്തേണ്ടത് ആവശ്യമാണ്. അസംസ്കൃത വസ്തുക്കളുടെ ഗുണമേന്മ, ഉൽപാദന പ്ര ക്രിയയിലുണ്ടാകുന്ന തടസ്സം, വൈദ്യുതി ക്ഷാമം, റിപ്പയറിംഗ്, ബ്രേക്ക് ഈവൻ എന്നിവയെല്ലാം ഉൽപാദനശേഷിയെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്.

## 12. പ്രോജക്ട് ചെലവും ധനാഗമ മാർഗ്ഗങ്ങളും (Project cost and Source of Finance)

പ്രോജക്ട് ചെലവിൽ വരുന്ന ഘടകങ്ങൾ ഏതെല്ലാമാണെന്നും അത് നിറവേറ്റുന്നതിനുള്ള ധനാഗമ മാർഗ്ഗങ്ങളും ഏതൊക്കെയാണെന്ന് പ്രോജക്ട് വിലയിരുത്തുമ്പോൾ അറിയേണ്ട ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങളാണ്.

## 13. ബ്രേക്ക് – ഇവൻ വിശകലനം (Break- Even Analysis)


വിവിധ ഘട്ടങ്ങളിലുള്ള പ്രവർത്തനലാഭം അറിയുന്നതിന് ബ്രേക്ക് ഇവൻ വിശകലനം അനിവാര്യമാണ്. എത്ര യൂണിറ്റ്/ അളവ് സാധനങ്ങൾ വിൽപന നടത്തിയാലും ഉൽപാദിപ്പിച്ചാലും ഒരു സംരംഭം ലാഭകരമായി പ്രവർത്തിക്കുവാൻ കഴിയുമെന്ന് വിശദീകരിക്കുന്നതാണ് ബ്രേക്ക്- ഇവൻ വിശകലനം. സ്ഥിര ചെലവും (Fixed cost) വ്യതിയാന ചെലവും (Variable cost) ഇനം തിരിച്ചാണ് ബ്രേക്ക് ഇവൻ കണ്ടുപിടിക്കുന്നത്.

$$\text{Break-even sales} = \frac{\text{Total Fixed Cost}}{\text{Contributor}} \times \text{sales}$$

Contributor = Sales - variable cost

## 14. പ്രവർത്തന മൂലധനത്തിന്റെ ആവശ്യകത (Working capital requirement)

സംരംഭത്തിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് എത്രമാത്രം പ്രവർത്തന മൂലധനാവശ്യമാണെന്ന് കണക്കാക്കുകയെന്നുള്ളത് പ്രോജക്ട് വിലയിരുത്തലിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങളിലൊന്നാണ്. അസംസ്കൃത വസ്തുക്കൾ വാങ്ങി ഉൽപന്നങ്ങളാക്കി വിപണിയിൽ എത്തുന്നത് വരെയുള്ള എല്ലാതരം സ്ഥിരചെലവുകളുടെയും വ്യതിയാന ചെലവുകളുടെയും ചാക്രികമാണ് (Cycles) പ്രവർത്തന മൂലധനത്തിന്റെ ആവശ്യകത നിശ്ചയിക്കുന്നത്.




## 15. ലാഭസാധ്യത പ്രദർശിപ്പിക്കുക (Profitablility Projection)

വിൽപന നടത്തുവാൻ കഴിയുന്ന സാധനത്തിന്റെ അളവും അതിനു വേണ്ടിവരുന്നതായ പ്രവർത്തന ചെലവ് കണക്കാക്കുന്നതാണ് ലാഭസാധ്യത പ്രദർശിപ്പിക്കുകയെന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഒരു പ്രോജക്ടിന്റെ സാമ്പത്തിക പ്രായോഗികത (Economic feasibility) വെളിപ്പെടുത്തുന്നതാണ് ലാഭസാധ്യതാ പ്രദർശനം Profitability Projection). അനുബന്ധ ഉൽപന്നങ്ങൾ, സ്ക്രാപ്പ്, ജോബ് വർക്സ് എന്നിവയിൽ നിന്നുമുണ്ടാകുന്ന വരുമാനം കൂടി കണക്കിലെടുക്കുന്നത് ലാഭസാധ്യത വർദ്ധിപ്പിക്കുന്നു.

## 16. ക്യാഷ് ഫ്ളോ/ ദീർഘകാല വായ്പ തിരിച്ചടവ്/ ഡി. എസ്. സി. ആർ (DSCR)

പണത്തിന്റെ വരവ്- ചെലവ് (Cash inflow and out flow) എന്നിവയെ സൂചിപ്പിക്കുന്ന സ്റ്റേറ്റ്മെന്റാണ് ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ് (Cash flow statement). പണത്തിന്റെ വരവ് (Cash in flow) ചെലവിനേക്കാൾ (outflow)കൂടിയിരുന്നാൽ മാത്രമേ പ്രോജക്ടിന് കൂടുതൽ പ്രായോഗികതയുണ്ടെന്ന് പറയാവുന്നതാണ് (Viable). ക്യാഷ് ഔട്ട് ഫ്ളോയേക്കാൾ അധികം വരുന്ന ക്യാഷ് ഇൻഫ്ളോ (Cash inflow- cash outflow) ഉപയോഗിച്ചാണ് സംരംഭം ദീർഘകാല വായ്പ മുതൽ, പലിശ എന്നിവ തിരിച്ചടവ് നടത്തുന്നത്. സാധാരണയായി 5 വർഷം മുതൽ 10 വർഷം വരെ ഈ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നു. ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ ദീർഘകാല വായ്പ ഷെഡ്യൂൾ (Repayment of Term Loan) തയ്യാറാക്കുന്നു. ക്യാഷ് ഫ്ളോ സ്റ്റേറ്റ്മെന്റ്, റീപെയ്മെന്റ് ഷെഡ്യൂൾ ഓഫ് ടേം ലോൺ എന്നിവയുടെ സഹായത്തോടെ DSCR (Direct Service Coverage Ratio) കണ്ടുപിടിക്കുന്നു. സാധാരണയായി 2:1 എന്ന അനുപാതത്തിലാണ് ഇത് നിശ്ചയിക്കുന്നത്.

## 17. സംവേദനക്ഷമത വിശകലനം (Sensitive Analysis)

വിൽപനയുടെ അളവ്, ഓരോ യൂണിറ്റിന്റെയും വില, ഓരോ യൂണിറ്റും ഉൽപാദിപ്പിക്കുവാൻ വേണ്ടിവരുന്ന ചെലവ്, അസംസ്കൃത വസ്തുവിന്റെ

വിലമാറ്റം എന്നീ ഘടകങ്ങളിലുണ്ടാകുന്ന മാറ്റം ലാഭസാധ്യതയിൽ മാറ്റം വരുത്തുന്നു. മുകളിൽ പരാമർശിച്ച ഘടകങ്ങളിലുണ്ടായ മാറ്റങ്ങൾ കൊണ്ട് ലാഭസാധ്യതയിൽ ആനുപാതികമായി എന്ത് മാറ്റമുണ്ടാകുന്നുവെന്ന് വിശകലനം നടത്തുന്നതാണ് സംവേദനക്ഷമത വിശകലനം (Sensitive Analysis) ഉദാ:- അസംസ്കൃത വസ്തുവിന്റെ വില 10% വർദ്ധിച്ചാൽ വിൽപനയിൽ 10% കുറവ് വരുത്തുന്നു. ഇതിന്റെ ഫലമായി ലാഭസാധ്യത (Profitability) യിൽ എന്ത് മാറ്റമുണ്ടാകുന്നുവെന്ന് വിശകലനം ചെയ്യാവുന്നതാണ്.

## പ്രോജക്ട് വിലയിരുത്തലിന്റെ ടെക്നിക്കുകൾ (Techniques of Project Evaluation)

പ്രോജക്ട് തെരഞ്ഞെടുക്കുന്നതിന് പല തരത്തിലുള്ള ടെക്നിക്കുകൾ ഉപയോഗിക്കുന്നു. ലാഭസാധ്യത കൂടുന്നതനുസരിച്ച് റിസ്ക് ഘടകവും (Risk Factor) കൂടുതലായിരിക്കും. പ്രധാനപ്പെട്ട ചില ടെക്നിക്കുകൾ:-

**1. പേ ബാക്ക് & പീരിയഡ് (Pay Back & Period)**

ഒരു പ്രോജക്ടിന് വേണ്ടി വരുന്ന യഥാർത്ഥ ചെലവ് (Original cost of Project) എത്ര വർഷം കൊണ്ട് അത് സൃഷ്ടിക്കുന്ന വരുമാനത്തിൽ നിന്നും തിരികെ ലഭിക്കുമെന്നുള്ളത് കണ്ടുപിടിക്കുന്നതാണ് പേബാക്ക് പീരിയഡ്. രണ്ട് പ്രോജക്ടുകളെ തമ്മിൽ താരതമ്യം ചെയ്യുമ്പോൾ പേ ബാക്ക് പീരിയഡ് കുറവുള്ള പ്രോജക്ടിന് ഒന്നാം റാങ്ക് നൽകി പ്രോജക്ട് തെരഞ്ഞെടുക്കാവുന്ന രീതിയിലാണിത്. ക്യാഷ് ഫ്ളോയുടെ അടിസ്ഥാനത്തിലാണ് ഇത് നിർണ്ണയിക്കുന്നത്.

$$\text{Pay back period} = \frac{\text{Original cost of project}}{\text{Annual cash in flow}}$$

**2. ആവറേജ് റേറ്റ് ഓഫ് റിട്ടേൺ Average Rate of Return**

നിക്ഷേപത്തിൽ നിന്ന് ആർജ്ജിക്കുന്ന വരുമാനത്തിന്റെ നിരക്കിനെ (Ratio of earnings to investments) സൂചിപ്പിക്കുന്നതാണ് ARR. തേയ്മാനവും (Depreciation) നികുതിയും കുറച്ചതിനുശേഷമുള്ള ലാഭത്തെയാണ് ARR കംപ്യൂട്ട് ചെയ്യുന്നതിന് ഉപയോഗിക്കുന്നത്. ഒരു കുറഞ്ഞ നിരക്ക്/ കട്ട് ഓഫ് നിരക്ക് (cut off rate / minimum rate) മുൻകൂട്ടി തീരുമാനിക്കുന്നു. രണ്ട്







പ്രോജക്ടുകൾ താരതമ്യം ചെയ്യുമ്പോൾ കട്ട് ഓഫ് നിരക്കിനേക്കാൾ ARR കൂടിയിരിക്കുന്ന പ്രോജക്ടിനെ തെരഞ്ഞെടുക്കുന്നു.

$$ARR = \frac{\text{Average Annual Net Profit}}{\text{Original Investment}}$$

**3. ഇന്റേൺ റേറ്റ് ഓഫ് റിട്ടേൺ (Internal Rate of Return)**

പണത്തിന്റെ സമയമൂല്യം (Present Value of Money) കണ്ടുപിടിച്ചാണ് IRR കണ്ടെത്തുന്നത്. വരുമാനത്തിന്റെ നിലവിലെ മൂല്യവും (Present Value of earnings) നിക്ഷേപത്തിന്റെ മൂല്യവും (Value of investment) തുല്യമാകുന്ന വരുമാന മൂല്യനിരക്ക് (Value of earnings rate) IRR രീതിയിൽ കണ്ടുപിടിക്കുന്നു. മുൻകൂട്ടി തീരുമാനിക്കുന്ന ഒരു മിനിമം നിരക്ക് / കട്ട് ഓഫ് നിരക്കിനേക്കാൾ കൂടുതലാണ് IRR- എങ്കിൽ പ്രോജക്ട് തെരഞ്ഞെടുക്കാവുന്നതാണ്. പ്രസന്റ് വാല്യു ടേബിൾ ഉപയോഗിച്ച് ഒരു Presnet Value Factor (പ്രസന്റ് വാല്യൂ ഫാക്ടർ) കണ്ടുപിടിച്ചാണ് IRR കംപ്യൂട്ട് ചെയ്യുന്നത്.

$$\text{P. V. Factor} = \frac{\text{Initial Outlay}}{\text{Annual cash in flow}}$$

**4. നെറ്റ് പ്രസന്റ് വാല്യൂ രീതി (Net present value method- NPV)**

ഈ രീതിയിൽ ഒരു അനുയോജ്യമായ മിനിമം നിരക്ക്/ കട്ട് ഓഫ് നിരക്ക് മുൻകൂട്ടി തീരുമാനിക്കുന്നു. നിലവിലെ മൂല്യം കണ്ടുപിടിക്കുന്നതിന് പ്രസന്റ് വാല്യൂ ടേബിളിൽ (Present Value Table) നിന്നും P. V ഘടകം തെരഞ്ഞെടുത്ത് ഉപയോഗിക്കുന്നു. നിക്ഷേപത്തിൽ പ്രതീക്ഷിക്കുന്ന ക്യാഷ് ഇൻഫ്ളോയുടെ നിലവിലെ മൂല്യവും ഇതുപയോഗിച്ച് കണ്ടുപിടിക്കുന്നു. നിക്ഷേപത്തിനാവശ്യമായ ക്യാഷ് ഔട്ട് ഫ്ളോയുടെ നിലവിലെ മൂല്യവും കണ്ടുപിടിക്കുന്നു. ആദ്യവർഷം ക്യാഷ് ഔട്ട് ഫ്ളോയുടെ നിലവിലെ മൂല്യവും നിക്ഷേപത്തിന്റെ ചെലവും ഒന്നുതന്നെയായിരിക്കും. (Present value of cash outflow equates the cost of investment in the First year) നിലവിലെ ക്യാഷ് ഇൻഫ്ളോയുടെ മൂല്യത്തിൽ നിന്നും നിലവിലെ ക്യാഷ് ഔട്ട് ഫ്ളോയുടെ മൂല്യം കുറയ്ക്കുന്നു. കുറച്ച് കിട്ടുന്ന തുകയായിരിക്കും അറ്റമൂല്യം. ഇത് പോസിറ്റീവാകും അറ്റമൂല്യം. ഇത് പോസിറ്റീവോ പൂജ്യമോ ആയാൽ പ്രോജക്ട് തെരഞ്ഞെടുക്കാം. ഏറ്റവും കൂടുതൽ NPV യുള്ള പ്രോജക്ടിന് ഒന്നാം റാങ്ക് നൽകുന്നു.

**5. ഡെബ്റ്റ് സർവീസ് കവറേജ് റേഷ്യോ (Debt service coverage ratio)**

ഒരു സംരംഭത്തിന് അതിന്റെ പ്രവർത്തന ലാഭത്തിൽ നിന്നും മുതലും പലിശയും വാടകയും കൊടുക്കാൻ കഴിയുന്ന നിരക്കാണ് DSCR. ഒരു സംരംഭത്തിന് അതിന്റെ കടം തീർക്കാൻ പര്യാപ്തമായ ക്യാഷ് ഇൻ ഫ്ളോ (cash to flow) സൃഷ്ടിക്കുവാൻ കഴിയുമെന്നുള്ളതാണ്. DSCR കൊണ്ട് വിലയിരുത്തുന്നതാണ്.

$$DSCR = \frac{\text{Net Profit before Interest + Tax}}{\text{Interest on Long- Term Loan}}$$

പ്രോജക്ട് വിലയിരുത്തുന്നതിനുവേണ്ടി മുകളിൽ പരാമർശിച്ച ഘടകങ്ങളും ടെക്നിക്കുകളും പ്രോജക്ടിന്റെ സ്വഭാവം, നിക്ഷേപതോത് (Nature of project and Volume of Investment) എന്നിവ അനുസരിച്ച് വ്യത്യാസം വരുത്തി ഉപയോഗിക്കാവുന്നതാണ്. ■

(വ്യവസായ വാണിജ്യ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടറാണ് ലേഖകൻ)



aparma™
The First Nutrient Water From Kerala
AN EXCLUSIVE DRINKING WATER WITH NUTRIENTS AND MINERALS
FOOD SAFETY MANAGEMENT SYSTEM ISO 22000:2018 CERTIFIED
Net Quantity 1ℓ
NUTRIENT WATER
НУТРИЕНТ ВОДА
fssai
LIC No.: 10020041002586
aparma™
The First Nutrient Water From Kerala
ПРОДУКТ ИЗ КЕРАЛЫ, ИНДИЯ
A PRODUCT FROM KERALA, INDIA
CRUSH THE BOTTLE AFTER USE
РАЗДАВИТЬ ПУСТУЮ БУТЫЛКУ
1500 ml
1000 ml
750 ml
500 ml
400 ml
300 ml
Manufactured and Packed By:
APARMA BEVERAGES
140E/23, Nellikuth, Manjeri,
Malappuram, Kerala, India-676122
www.aparmaindia.com
Customer Care: 18005720975,
+91 7034 484 484
cutomer@aparmaindia.com
LIC. No.: 10020041002586
www.aparmaindia.com
Toll free number : 1800 572 0975



# യുവ വീവ്

## നെയ്ത്ത് പരിശീലനം ഉദ്ഘാടനം ചെയ്തു

കേരള സംസ്ഥാന കൈത്തറി വസ്ത്ര ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തുടനീളം നടപ്പിലാക്കുന്ന യുവവീവ് നെയ്ത്ത് പരിശീലനം കോഴിക്കോട് ജില്ലയിലെ ഒഞ്ചിയം ഗ്രാമപഞ്ചായത്തിൽ ബഹുമാനപ്പെട്ട സംസ്ഥാന വനിതാ കമ്മീഷൻ അദ്ധ്യക്ഷ അഡ്വ. പി. സതീദേവി 16/06/2022 ന് 4 മണിക്ക് ഉദ്ഘാടനം നിർവഹിച്ചു. 18 നും 40 നും വയസ്സിനിടയിൽ പ്രായമുള്ള യുവതീയുവാക്കളെ കുടുംബശ്രീ മുഖേന കണ്ടെത്തുകയും 20 പേരുടെ ഒരു ബാച്ചാക്കി മൂന്ന് മാസം സ്റ്റൈപ്പന്റോടു കൂടി പരിശീലനം നൽകി, വിദഗ്ദ്ധ നെയ്ത്തുകാരാക്കി മാറ്റുന്ന പദ്ധതിയാണിത്. യുവതീ യുവാക്കളെ ഈ മേഖലയിൽ കൊണ്ടുവന്ന് കൈത്തറി വ്യവസായത്തിന് പുത്തനുണർവ്വ് നൽകി പുതിയ നെയ്ത്തുകാരുടെ യുവതലമുറയെ വാർത്തെടുത്ത് 20 കുടുംബങ്ങൾക്ക് സ്ഥിര വരുമാനമാർഗ്ഗം ഉണ്ടാക്കുക എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.




വെള്ളികുളങ്ങര നെയ്ത്ത് സഹകരണ സംഘത്തിൽ വച്ചാണ് മൂന്ന് മാസം വിദഗ്ദ്ധ പരിശീലനം നടന്നുവരുന്നത് പരിശീലനത്തിന് ശേഷം അടുത്ത മൂന്ന് മാസം വേജ് സപ്പോർട്ടും, ഓരോരുത്തർക്കും ഓരോ തറി വാങ്ങുന്നതിനുള്ള ധനസഹായവും പദ്ധതിയിലൂടെ നൽകുന്നു. സ്ത്രീകൾ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് വരുന്നതിനും സ്ത്രീ ശാക്തീകരണത്തിനും സംസ്ഥാന സർക്കാർ നടപ്പാക്കുന്ന പദ്ധതികളിൽപ്പെട്ട ഇത്തരം പദ്ധതികൾ വഴി കുടുംബത്തിന് സ്ഥിര വരുമാനം ഉറപ്പാക്കാൻ കഴിയുമെന്നും അതുവഴി ജീവിത നിലവാരം ഉയർത്താൻ സാധിക്കുമെന്നും അഡ്വ. സതീ ദേവി ഉദ്ഘാടന പ്രസംഗത്തിൽ കൂട്ടിച്ചേർത്തു. ഈ പദ്ധതിയിലൂടെ പരിശീലനത്തിന് സ്വയം തയ്യാറായി വന്ന 20 വനിതകളേയും പ്രത്യേകം അഭിനന്ദിക്കുകയും പരിശീലനം പൂർത്തീകരിച്ച് വിദഗ്ദ്ധ നെയ്ത്തുകാരായി മാറാനും സാധിക്കട്ടെ എന്ന് ആശംസിച്ചു.

ഉദ്ഘാടന പരിപാടിയിൽ ഒഞ്ചിയം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി. ശ്രീജിത്ത് അദ്ധ്യക്ഷത വഹിച്ചു. ഒഞ്ചിയം ഗ്രാമപഞ്ചായത്ത് സി. ഡി. എസ്. ചെയർപേഴ്സൺ ശ്രീമതി. പി. റീന സ്വാഗതം പറഞ്ഞു. കോഴിക്കോട് ജില്ലാ വ്യവസായകേന്ദ്രം ഡപ്യൂട്ടി രജിസ്ട്രാർ ശ്രീ. ടി. കെ. ആനന്ദകുമാർ മുഖ്യാതിഥിയായിരുന്നു. പോഗ്രാം കോ– ഓഡിനേറ്ററും വടകര സീനിയർ കൈത്തറി സൂപ്പർ വൈസറുമായയ ശ്രീ. മനോജ് കാഞ്ഞിരത്തിൽ കീഴിൽ പദ്ധതി അവതരണം നടത്തി. പരിശീലന പരിപാടിയുടെ മാസ്റ്റർ ട്രെയിനർ ആയ ശ്രീ. രമേശൻ. ടി, വെള്ളികുളങ്ങര, സംഘം ഡയറക്ടർ ശ്രീമതി. വിലാസിനി. ടി. എന്നിവർ ആശംസകൾ രേഖപ്പെടുത്തി. സംഘം സെക്രട്ടറി ശ്രീമതി. ഹർഷ. എം. എ. നന്ദി രേഖപ്പെടുത്തി.

JAYPEE
Green Pack

# All type Paper Bags




**JAYPEE GREEN PACKS**
Anchery PO, Thrissur - 680006
7591986666   9809907373
@ info@jaypeegreenpacks.com

WWW.JAYPEEGREENPACKS.COM

Volume 54 Issue 10
July 2022

# Vyavasaya Keralam
MONTHLY

₹ 30
Date of publication-
2nd July 2022

*BEST WISHES....*

PLASTIVISION INDIA
PLASTINDIA 2018
GANDHINAGAR, GUJARAT 7-12 FEB, 2018
2016 19-26 October Düsseldorf Germany
MADE IN INDIA

www.abtoolers.com



Neeraj Balan
General Manager
+919388839990

**ANB TOOLERS**
**BUILDING NO XII/123**
**PADIYAM P.O., ANTHIKKAD**
**THRISSUR- 680641**

**EMAIL :gm@abtoolers.com**
**:anbtoolerspadium@gmail.com**
**ph : +91(0)487 2736055**
**: +91 9207747744**

Printed and Published by the Kerala Bureau of Industrial Promotion (K-Bip)
on behalf of the Director of Industries & Commerce, Govt. of Kerala, Vikasbhavan, Thiruvananthapuram.
Printed at Akshara Offset, Vanchiyoor, Thiruvananthapuram. Ph.0471 2471174.

Editor : Baiju R.S.